**പതിമൂന്നാം കേരള നിയമസഭ**

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി V

# (SUBJECT COMMITTEE V)

## പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും

## (PUBLIC WORKS, TRANSPORT AND COMMUNICATIONS)

**2010-11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

**REPORT OF ACTION TAKEN ON THE FIFTH REPORT ON THE SCRUTINY OF DEMANDS FOR GRANTS (2010-11)**

2012 മാർച്ച് 21-ാം തീയതി സമർപ്പിച്ചത്

(Presented on March 21, 2012)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2012

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി V

(SUBJECT COMMITTEE V)

പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും

(PUBLIC WORKS, TRANSPORT AND COMMUNICATIONS)

2010-11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

REPORT OF ACTION TAKEN ON THE FIFTH REPORT ON THE SCRUTINY OF DEMANDS FOR GRANTS (2010-11)

315/2012.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| കമ്മിറ്റിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## സബ്ജക്റ്റ് കമ്മിറ്റി V
## പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും
## (2011-2013)

ഘടന

ചെയർമാൻ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്,
മരാമത്ത് വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. വി. എസ്. ശിവകുമാർ, ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി

,, കെ. ബാബു, എക്സൈസും തുറമുഖവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ
,, ജോസ് തെറ്റയിൽ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീമതി കെ. കെ. ലതിക
ശ്രീ. കെ. മുരളീധരൻ
,, കെ. രാജു
,, സി. എഫ്. തോമസ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്
ശ്രീ. എം. ജോൺ മാത്യു, ജോയിന്റ് സെക്രട്ടറി
ശ്രീ. കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി എ. ജനറ്റ്, അണ്ടർ സെക്രട്ടറി.

# അവതാരിക

പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി V-ന്റെ ചെയർമാനായ ഞാൻ, 2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച, ചട്ടം 236(5) പ്രകാരമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

2010 ജൂൺ 28-ാം തീയതിയിലെ 669-ാം നമ്പർ ബുള്ളറ്റിൻ ഭാഗം II പ്രകാരം സബ്ജക്റ്റ് കമ്മിറ്റി V-ന്റെ പരിധിയിലെ വിഷയം, പൊതുമരാമത്തും ഗതാഗതവും, തുറമുഖവുമായി പുനഃക്രമീകരിച്ചു. അതുവരെ നിലവിലുണ്ടായിരുന്ന പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി V-ന്റെ 2010-11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ടിലെ പൊതുമരാമത്ത്, ഗതാഗതം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശുപാർശകളിന്മേലും, തദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IX-ന്റെ റിപ്പോർട്ടിലെ തുറമുഖ വകുപ്പുമായി ബന്ധപ്പെട്ട ശുപാർശകളിന്മേലും സർക്കാർ സ്വീകരിച്ച അനന്തരനടപടികൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2012 മാർച്ച് 19-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. കെ. ഇബ്രാഹിം കുഞ്ഞ്,

*ചെയർമാൻ,*

*സബ്ജക്റ്റ് കമ്മിറ്റി V.*

തിരുവനന്തപുരം,
മാർച്ച് 19, 2012.

# റിപ്പോർട്ട്

പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി V-ന്റെ 2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്ന റിപ്പോർട്ടാണിത്.

സമിതിയുടെ 2010-11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 3-5-2010-ലെ യോഗത്തിൽ അംഗീകരിക്കുകയും 29-6-2010-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു. ഇതിൽ വാഹന നികുതികൾ, തുറമുഖം, ഗതാഗതം, പൊതുമരാമത്ത് എന്നിവയിന്മേലുള്ള ശുപാർശകൾക്ക് നാളിതുവരെ സമിതിക്ക് ലഭ്യമായ മറുപടികൾ 7-2-2011, 27-10-2011, 18-1-2012 എന്നീ തീയതികളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**സമിതിയുടെ ശുപാർശകളും അവ സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും**

## ധനാഭ്യർത്ഥന നമ്പർ IX—വാഹന നികുതികൾ

ശുപാർശ നമ്പർ 6

(ഖണ്ഡിക നമ്പർ 6)

2041-00-102-99-04—മോട്ടോർവാഹനങ്ങളുടെ പരിശോധന, യാത്രാചെലവുകൾ

ഈ കണക്കിനത്തിലെ യാത്രാബത്തയിനത്തിൽ, 2010-2011സാമ്പത്തിക വർഷത്തിൽ 5.60 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ഈ തുക അപര്യാപ്തമായതിനാൽ 9 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതമായ 5,60,000 രൂപ അപര്യാപ്തമായതിനാൽ 17-1-2011-ലെ സ.ഉ.(സാധാ) നമ്പർ 340/2011/ധന എന്ന ഉത്തരവുപ്രകാരം റീ അപ്രോപ്രിയേഷനിലൂടെ 40,000 രൂപ അധികമായി അനുവദിക്കുകയുണ്ടായി. സമിതി ശുപാർശ ചെയ്തതനുസരിച്ചുള്ള തുകയായ 9 ലക്ഷം രൂപ ലഭിച്ചിട്ടില്ല.

ശുപാർശ നമ്പർ 7

(ഖണ്ഡിക നമ്പർ 7)

2041-00-102-99-06—വാടക, കരം, നികുതി

മോട്ടോർ വാഹന വകുപ്പിലെ സ്വകാര്യ കെട്ടിടങ്ങളിൽ സ്ഥിതി ചെയ്യുന്ന 38 സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടേയും 13 മോട്ടോർ വാഹന ചെക്ക്പോസ്റ്റുകളുടേയും വാടകയിനത്തിൽ വേണ്ടിവരുന്ന തുകയാണ് ഈ

ശീർഷകത്തിൽ ഉൾപ്പെടുന്നത്. 2010-11 വർഷത്തിൽ ഈയിനത്തിൽ വകയിരുത്തിയിട്ടുള്ള 23 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതം 23 ലക്ഷം രൂപയായിരുന്നു. ഈ തുക അപര്യാപ്തമായതിനാലും സമിതിയുടെ ശുപാർശ പരിഗണിച്ചും 17-1-2011-ലെ സ.ഉ.(സാധാ) നമ്പർ 340/2011/ധന എന്ന ഉത്തരവുപ്രകാരം 5 ലക്ഷം രൂപയും 19-3-2011-ലെ സ.ഉ. (സാധാ) നമ്പർ 2016/2011/ധന എന്ന ഉത്തരവുപ്രകാരം 3 ലക്ഷം രൂപയും (ആകെ 8 ലക്ഷം രൂപ)റീ അപ്രോപ്രിയേഷനിലൂടെ അധികമായി അനുവദിക്കുകയുണ്ടായി.

ശുപാർശ നമ്പർ 8

(ഖണ്ഡിക നമ്പർ 8)

2041-00-102-99-45—പി.ഒ.എൽ.

കേന്ദ്ര ഓഫീസ് ഒഴികെയുള്ള, വകുപ്പിലെ എല്ലാ ഓഫീസുകളിലെയും വാഹനങ്ങളുടെ ഇന്ധനച്ചെലവിനുള്ള തുക ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നടപ്പുവർഷം വകയിരുത്തിയിട്ടുള്ള 33 ലക്ഷം രൂപ തികച്ചും അപര്യാപ്തമായതിനാൽ പി.ഒ.എൽ.-ലെ വിഹിതം കുറഞ്ഞത് 50 ലക്ഷം രൂപയെങ്കിലുമായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധികരിച്ച ചെലവ് നിർവ്വഹിക്കുന്നതിന് സമിതിയുടെ ശുപാർശ പരിഗണിച്ച് പ്രസ്തുത ശീർഷകത്തിൽ 2010-11 സാമ്പത്തിക വർഷം 17-1-2011-ലെ സ.ഉ.(സാധാ) നമ്പർ 340/2011/ധന എന്ന ഉത്തരവുപ്രകാരം 2 ലക്ഷം രൂപയും 19-3-2011-ലെ സ.ഉ. (സാധാ) നമ്പർ 2016/2011/ധന എന്ന ഉത്തരവുപ്രകാരം 3 ലക്ഷം രൂപയും (ആകെ 5 ലക്ഷം രൂപ) റീ അപ്രോപ്രിയേഷനിലൂടെ അധികമായി അനുവദിക്കുകയുണ്ടായി. അങ്ങനെ ആകെ ബഡ്ജറ്റ് വിഹിതം 38 ലക്ഷം രൂപയായി വർദ്ധിച്ചുവെങ്കിലും സമിതി ശുപാർശ ചെയ്ത 50 ലക്ഷം രൂപ ലഭിക്കുകയുണ്ടായില്ല.

## ധനാഭ്യർത്ഥന നമ്പർ XV—പൊതുമരാമത്ത്

ശുപാർശ നമ്പർ 9

(ഖണ്ഡിക നമ്പർ 9)

2059-01-051—ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം

നിയമസഭ, നീതിന്യായ നിർവ്വഹണം, ഇലക്ഷൻ, ഭൂനികുതി, രജിസ്ട്രേഷൻ, വിൽപ്പന നികുതി, പോലീസ്, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുടെ ഓഫീസ് കെട്ടിടങ്ങളുടെ ചെറുകിടമരാമത്ത് പണികൾക്ക് 2010-2011 വർഷത്തിൽ 4 കോടി 40 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 1 കോടി 72 ലക്ഷത്തിഅമ്പതിനായിരം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 2 കോടി 50 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി 34.75 ലക്ഷം രൂപ അധികമായി അനുവദിച്ചു. ടി തുക 31-12-2010 വരെയുള്ള കുടിശ്ശിക ബില്ലുകൾ നൽകുന്നതിന് വിനിയോഗിച്ചു. ബജറ്റ് വിഹിതമായി ലഭിച്ച 172.50 ലക്ഷം രൂപയിൽ 121.39 ലക്ഷം രൂപയാണ് മൊത്തം ചെലവായത്.

ശുപാർശ നമ്പർ 10

(ഖണ്ഡിക നമ്പർ 10)

2059-01-053—ഓഫീസ് കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും

കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനയും ക്ഷാമവും, കൂലി നിരക്കിലെ വർദ്ധനയും, വിദഗ്ദ്ധ തൊഴിലാളികളുടെ ലഭ്യതക്കുറവും, വർദ്ധിച്ച നിർമ്മാണച്ചെലവും കെട്ടിട നിർമ്മാണം കരാർ വ്യവസ്ഥയനുസരിച്ച് നടത്താനാകാത്ത അവസ്ഥ സൃഷ്ടിക്കുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസ് കെട്ടിടങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഈ സാമ്പത്തിക വർഷം 56 കോടി 50 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 32 കോടി 75 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്. ആയതിനാൽ ഈ ശീർഷകത്തിൽ 23 കോടി 75 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഓഫീസ് കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളുമെന്ന ശീർഷകത്തിൽ 404.51 ലക്ഷം രൂപ അധികമായി അനുവദിച്ചു. പ്രസ്തുത തുക 31-12-2010 വരെയുള്ള കുടിശ്ശിക ബില്ലുകൾ നൽകുന്നതിന് വിനിയോഗിച്ചു.

ശുപാർശ നമ്പർ 11

(ഖണ്ഡിക നമ്പർ 11)

2059-60-051—മറ്റു കെട്ടിടങ്ങളുടെ സംരക്ഷണം

നീതിന്യായ നിർവ്വഹണം, ഭൂനികുതി, രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വിൽപ്പന നികുതി തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളുടെ മറ്റു കെട്ടിടങ്ങൾക്കുള്ള സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമുള്ള തുകയും വി.ഐ.പി. വിസിറ്റിന് ആവശ്യം വരുന്ന തുകയും ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ടി ആവശ്യങ്ങൾക്കായി 7 കോടി 35 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും അനുവദിച്ച 2 കോടി 99 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 4 കോടി 36 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച 299 ലക്ഷം രൂപയ്ക്കുപുറമേ 4 കോടി 36 ലക്ഷം രൂപകൂടി അനുവദിക്കണമെന്നു സമിതി ശുപാർശ ചെയ്തിരുന്നെങ്കിലും 50.58 ലക്ഷം രൂപ അധികമായി അനുവദിച്ചു. മൊത്തം ചെലവ് 735.41 ലക്ഷം രൂപയാണ്.

ശുപാർശ നമ്പർ 12

(ഖണ്ഡിക നമ്പർ 12)

2059-60-053—മറ്റു കെട്ടിടങ്ങളുടെ സംരക്ഷണം

നീതിന്യായ നിർവ്വഹണം, ഭൂനികുതി, രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വിൽപ്പന നികുതി തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളുടെ മറ്റു കെട്ടിടങ്ങൾക്കുള്ള സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമുള്ള തുകയിനത്തിൽ 66 കോടി 50 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും നടപ്പു സാമ്പത്തിക വർഷത്തേക്ക് 49 കോടി 31 ലക്ഷത്തി ഇരുപതിനായിരം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഈയിനത്തിൽ 17 കോടി 19 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ ബജറ്റിൽ അനുവദിച്ച 4931.20 ലക്ഷം രൂപയ്ക്കു പുറമേ 440.91 ലക്ഷം രൂപ അധികമായി അനുവദിച്ചു. ആകെ ചെലവായ 6216.84 ലക്ഷം രൂപയിൽ 6026.21 ലക്ഷം രൂപ 31-12-2010 വരെയുള്ള ബില്ലുകൾ റിലീസ് ചെയ്യുന്നതിലേക്കായി വിനിയോഗിച്ചു.

ശുപാർശ നമ്പർ 13

(ഖണ്ഡിക നമ്പർ 13)

2059-80-001-99(1)

2059-80-001-99(02)—ഭരണവും നടത്തിപ്പും (ചീഫ് എഞ്ചിനീയർ, കെട്ടിടങ്ങളും ലോക്കൽ പണികളും) ചീഫ് ആർക്കിടെക്റ്റിന്റെ ശമ്പളവും

കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെയും ജീവനക്കാരുടെയും ശമ്പളം തുടങ്ങിയവയും ചീഫ് ആർക്കിടെക്റ്റിന്റെ ശമ്പളവും മറ്റും ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വാഹനം വാങ്ങുന്നതിനുള്ള വിഹിതം ആവശ്യപ്പെട്ടിരുന്നെങ്കിലും ഈയിനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. 14 വാഹനങ്ങൾക്കായി 85 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 14 വാഹനങ്ങൾക്കായി 85 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നു. 237.84 ലക്ഷം രൂപ വാഹനങ്ങൾ വാങ്ങുന്നതിനായി അധികമായി അനുവദിക്കുകയും ടി തുക 36 വാഹനങ്ങൾ വാങ്ങുന്നതിന് വിനിയോഗിക്കുകയും ചെയ്തു.

ശുപാർശ നമ്പർ 14

(ഖണ്ഡിക നമ്പർ 14)

2059-80-001-98—മേൽനോട്ടം

കെട്ടിടവിഭാഗത്തിലെ പഴക്കമുള്ള 15 വാഹനങ്ങൾക്ക് പകരം പുതിയവ വാങ്ങുന്നതിന് മതിയായ തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധികം തുക അനുവദിക്കേണ്ടി വന്നില്ല. ബജറ്റ് വിഹിതമായി ലഭിച്ച മുഴുവൻ തുകയും വിനിയോഗിക്കാൻ സാധിച്ചിട്ടില്ല.

ശുപാർശ നമ്പർ 15

(ഖണ്ഡിക നമ്പർ 15)

2059-80-001-97—നിർവ്വഹണം

കെട്ടിടവിഭാഗത്തിന് കീഴിലുള്ള 19 ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടേയും ശമ്പളം, പൊതുമരാമത്ത് റസ്റ്റ് ഹൗസ് ജീവനക്കാരുടെയും ശമ്പളം, ലെജിസ്ലേച്ചർ കോംപ്ലക്സിലേക്ക് നിയോഗിക്കപ്പെട്ട ജീവനക്കാരുടെ ശമ്പളം എന്നിവ ഈ ശീർഷകത്തിൽ ഉൾപ്പെടുന്നു. ഈ സാമ്പത്തിക വർഷത്തിൽ 95 കോടി 59 ലക്ഷത്തിഅറുപത്തയ്യായിരം രൂപ ആവശ്യപ്പെട്ടുവെങ്കിലും 79,17,13,000 രൂപയാണ് അനുവദിച്ചത്. ഈ തുക അപര്യാപ്തമായതിനാൽ 16,42,52,000 രൂപ കൂടി ടി കണക്കിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കെട്ടിടവിഭാഗത്തിന് കീഴിലെ ഡിവിഷൻ ഓഫീസുകളിലെ 15 വർഷത്തിലേറെ പഴക്കമുള്ള വാഹനങ്ങൾക്ക് പകരം പുതിയവ വാങ്ങുന്നതിന് ഒരു കോടി രൂപകൂടി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ പല സബ് ഡിവിഷനുകൾക്കും വാഹനം നൽകിയിട്ടില്ലാത്തതായി സമിതി മനസ്സിലാക്കുന്നു. സൈറ്റ് ഇൻസ്പെക്ഷൻ വർക്ക് സൂപ്പർവിഷൻ ഫലപ്രദമാക്കുന്നതിന് 26 സബ്ഡിവിഷനുകൾക്ക് വാഹനം അനുവദിക്കുന്നതിലേക്കായി ഒരു കോടി 30 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച 7917.13 ലക്ഷം രൂപയിൽ 6178.86 ലക്ഷം രൂപയാണ് മൊത്തം ചെലവ്. തുകയൊന്നും അധികമായി അനുവദിക്കേണ്ടി വന്നില്ല.

ശുപാർശ നമ്പർ 16

(ഖണ്ഡിക നമ്പർ 16)

2059-80-05—യന്ത്രോപകരണങ്ങൾ

പുതിയ സപ്ലൈകൾ, വാഹനങ്ങൾ, അവയുടെ അറ്റകുറ്റപ്പണികൾ മുതലായവ ഉൾപ്പെട്ടിട്ടുള്ള ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും അനുവദിച്ച 10,01,000 രൂപ പര്യാപ്തമല്ലാത്തതിനാൽ 19,99,000 രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ ആകെ അനുവദിച്ച 10.01 ലക്ഷം രൂപയിൽ 4.07 ലക്ഷം രൂപയാണ് മൊത്തം ചെലവായത്. ടി ഹെഡിൽ തുകയൊന്നും അധികമായി അനുവദിക്കേണ്ടിവന്നില്ല.

ശുപാർശ നമ്പർ 17

(ഖണ്ഡിക നമ്പർ 17)

2059-80-053—സംരക്ഷണവും അറ്റകുറ്റപ്പണികളും

കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും വൈദ്യുത സാമഗ്രികളുടെ സംരക്ഷണവും, രാജ്ഭവൻ സജ്ജീകരിക്കലും, തിരുവനന്തപുരം നഗരത്തിലുള്ള സർക്കാർ കെട്ടിടങ്ങളുടെ സംരക്ഷണം, സെക്രട്ടേറിയറ്റിന്റെ സംരക്ഷണം തുടങ്ങിയവയ്ക്കായി 26 കോടി 70 ലക്ഷം രൂപ ആവശ്യപ്പെട്ടെങ്കിലും 18 കോടി 30 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത തുക കുറവായതിനാൽ 8 കോടി 40 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബജറ്റ് വിഹിതമായി ലഭിച്ച 18 കോടി 30 ലക്ഷം രൂപയ്ക്കു പുറമേ 326.69 ലക്ഷം രൂപകൂടി അധികമായി അനുവദിച്ചു. ടി ശീർഷകത്തിൽ ആകെ ചെലവഴിച്ചിട്ടുള്ളത് 1895.51 ലക്ഷം രൂപയാണ്.

ശുപാർശ നമ്പർ 18

(ഖണ്ഡിക നമ്പർ 18)

2059-80-800—മറ്റു ചെലവുകൾ

ഈയിനത്തിൽ 1 കോടി 45 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 2010-11 സാമ്പത്തിക വർഷത്തിലേക്ക് അനുവദിച്ചിട്ടുള്ള 51,02,000 രൂപ അപര്യാപ്തമാണ്. കൂടാതെ കേരളാ ഹൗസ് ന്യൂഡൽഹിയിലെ ധാരാളം പണികൾ ചെയ്തു തീർക്കാനുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 75 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള ഹൗസ് ന്യൂഡൽഹിയുടെ ശീർഷകങ്ങൾ 2059-60-51-ലും 2059-80-053-ലും മാറ്റി ക്ലാസ്സിഫൈ ചെയ്യപ്പെട്ടതിനാൽ ഈ ശീർഷകത്തിൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

ശുപാർശ നമ്പർ 19

(ഖണ്ഡിക നമ്പർ 19)

3054-01-001-99—ഭരണവും നടത്തിപ്പും (ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ)

ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ ഓഫീസിലെ ജീവനക്കാരുടെ വേതനം, യാത്രാചെലവുകൾ, ഓഫീസ് ചെലവുകൾ തുടങ്ങിയവ ഇതിൽപ്പെടുന്നു. ഇതിലെ ഓഫീസ് ചെലവ് പി.ഒ.എൽ. എന്ന ഇനത്തിൽ അനുവദിച്ചിരിക്കുന്ന തുക 1.5 ലക്ഷമായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം 214.89 ലക്ഷം രൂപയും ചെലവിനം 186.3 ലക്ഷം രൂപയുമായിരുന്നു. ആകെ ചെലവിനം അനുവദിച്ച തുകയേക്കാൾ കുറവായതിനാൽ അധിക തുക അനുവദിക്കേണ്ടിവന്നിട്ടില്ല.

ശുപാർശ നമ്പർ 20

(ഖണ്ഡിക നമ്പർ 20)

3054-01-001-98—മേൽനോട്ടവും നിർവ്വഹണവും

ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേയുടെ കീഴിലുള്ള സർക്കിൾ ഓഫീസുകൾ, ഡിവിഷൻ ഓഫീസുകൾ എന്നിവയിലെ ശമ്പളം, ഓഫീസ് ചെലവുകൾ എന്നിവ ഈ കണക്കിനത്തിൽനിന്നും നിർവ്വഹിക്കുന്നു. ദേശീയപാതകളുടെ നീളത്തിലും എണ്ണത്തിലും വർദ്ധനവ് വന്നതിനാൽ വിവിധതരം പരിശോധനകൾക്കും അടിയന്തിര ആവശ്യങ്ങൾക്കും പരിശോധനകൾക്കുമായി ഡിവിഷണൽ എഞ്ചിനീയർമാർ കൂടുതൽ യാത്രചെയ്യേണ്ടതായി വരുന്നുവെന്നുള്ളത് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഓഫീസ് ചെലവ്, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നിവയിൽ 1.9 ലക്ഷം രൂപയും പി.ഒ.എൽ. ഇനത്തിൽ 3.5 ലക്ഷം രൂപയും മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിൽ 3 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 2702.7 ലക്ഷം രൂപയും ആകെ ചെലവ് 2377.66 ലക്ഷം രൂപയും ആയിരുന്നു ആയതിനാൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

ശുപാർശ നമ്പർ 21

(ഖണ്ഡിക നമ്പർ 21)

3054-01-104-05—മറ്റു ചെലവ് (നാഷണൽ ഹൈവേ)

നാഷണൽ ഹൈവേ അർബൻ ലിങ്കുകളുടെ സംരക്ഷണത്തിന് അനുവദിച്ച 21,000 രൂപ തീരെ അപര്യാപ്തമാണെന്ന് സമിതിക്ക് ബോധ്യപ്പെട്ടിരിക്കുന്നു. ആയതിനാൽ ടി തുക 1 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിലേക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 21,000 രൂപ ചെലവഴിക്കുകയുണ്ടായില്ല. ആയതിനാൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

ശുപാർശ നമ്പർ 22

(ഖണ്ഡിക നമ്പർ 22)

3054-01-800-99—മുനിസിപ്പൽ അതിർത്തികൾക്കുള്ളിൽ വരുന്ന നാഷണൽ ഹൈവേയുടെ സംരക്ഷണം

മുനിസിപ്പൽ അതിർത്തികൾക്കുള്ളിൽ വരുന്ന നാഷണൽ ഹൈവേയുടെ സംരക്ഷണത്തിനുവേണ്ടി അനുവദിച്ച 25 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ടി തുക 1 കോടി രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിലേക്ക് അനുവദിച്ച തുകയായ 25 ലക്ഷം രൂപ ചെലവഴിക്കാത്തതിനാൽ അധിക തുക അനുവദിക്കേണ്ടിവന്നിട്ടില്ല.

ശുപാർശ നമ്പർ 23

3054-03-103-99 (ഖണ്ഡിക നമ്പർ 23)

പൊതുമരാമത്തു വകുപ്പിൽ സംസ്ഥാന രാജപാതയുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി 12-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച ഗ്രാന്റ് ചെലവിടുന്നതിനുവേണ്ടി 2010-11 വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകകൊള്ളിച്ചിട്ടില്ല. 120 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാന രാജപാതയുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടിയുള്ള ഈ ശീർഷകത്തിലേക്ക് 645.54 ലക്ഷം രൂപ അനുവദിക്കുകയും ഈ തുക കരാറുകാരുടെ പ്രവൃത്തിയുടെ ബില്ലുകൾ നൽകുന്നതിന് വിനിയോഗിക്കുകയും ചെയ്യുകയുണ്ടായി.

ശുപാർശ നമ്പർ 24

3054-04-105-99 (ഖണ്ഡിക നമ്പർ 24)

പൊതുമരാമത്തു വകുപ്പിലെ പ്രധാന ജില്ലാതല റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി 12-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച ഗ്രാന്റ് ചെലവിടാൻ വേണ്ടിയുള്ള ഈ ശീർഷകത്തിൽ 2010-11 വർഷത്തെ ബഡ്ജറ്റ് തുക അനുവദിച്ചിട്ടില്ല. 120 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിലേക്ക് അനുവദിച്ച 1994.96 ലക്ഷം രൂപ കരാറുകാരുടെ പ്രവൃത്തിയുടെ ബില്ലുകൾ നൽകുന്നതിന് വിനിയോഗിക്കുകയുണ്ടായി.

ശുപാർശ നമ്പർ 25

(ഖണ്ഡിക നമ്പർ 25)

3054-05-102-99—സി.ആർ.എഫ്. പാലങ്ങൾ

നാഷണൽ ഹൈവേയുടെ കീഴിൽ വരുന്ന ആഴൂർക്കടവ് എന്ന പാലത്തിന്റെ നിർമ്മാണത്തിന് ഉദ്ദേശിച്ചിരിക്കുന്ന ഈ കണക്കിനത്തിൽ പുതിയ പാലങ്ങളുടെ നിർമ്മാണംകൂടി ഉൾക്കൊള്ളിക്കേണ്ടതാണ്. ആയതിനാൽ വിഹിതമായി 1.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആഴൂർക്കടവ് പാലത്തിന്റെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

ശുപാർശ നമ്പർ 26

(ഖണ്ഡിക നമ്പർ 26)

3054-05-337-99—സി.ആർ.എഫ്. റോഡുകൾ (സാധാരണ വിഹിതം)

നാഷണൽ ഹൈവേയുടെ കീഴിൽ വരുന്ന റോഡുകൾ, കടപ്ര-വിയപുരം എന്നീ റോഡുകളുടെയും മറ്റു റോഡുകളുടെയും പണികൾക്കായി വിനിയോഗിക്കേണ്ടുന്ന ഈ കണക്കിനത്തിൽ ഈ സാമ്പത്തിക വർഷത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 100 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കടപ്ര-വിയപുരം എന്നീ റോഡുകളുടേയും മറ്റു റോഡുകളുടേയും പണികൾക്കായി സമിതി ശുപാർശ അനുസരിച്ച് 14,111.31 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി.

ശുപാർശ നമ്പർ 27

(ഖണ്ഡിക നമ്പർ 27)

3054-05-800-99—സി.ആർ.എഫ്. റോഡുകളും പാലങ്ങളും

കരമന-പൂജപ്പുര-കാട്ടാക്കട-മണ്ഡപത്തിൻകടവ് റോഡ് പുനരുദ്ധാരണം, അമരവിള, പെരുങ്കടവിള-വെള്ളറട-പാറശ്ശാല മുതലായ റോഡുപണികൾക്കായി 2010-11 സാമ്പത്തിക വർഷത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. ഈ ഇനത്തിൽ 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കരമന-പൂജപ്പുര-കാട്ടാക്കട-മണ്ഡപത്തിൻകടവ് റോഡ് പുനരുദ്ധാരണം, അമരവിള, പെരുങ്കടവിള-വെള്ളറട-പാറശ്ശാല മുതലായ റോഡുപണികൾക്കായി 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും ഈ ശീർഷകത്തിലേക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല.

ശുപാർശ നമ്പർ 28

(ഖണ്ഡിക നമ്പർ 28)

3054-80-001-99—ഭരണവും നടത്തിപ്പും (ചീഫ് എഞ്ചിനീയർ, റോഡുകളും പാലങ്ങളും)

റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ ഓഫീസിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും കൂടാതെ, ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള ഓഫീസുകളിലേക്ക് അനുവദിക്കുന്നതിനുവേണ്ടിയുള്ള സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും എന്നിവയും ഈ കണക്കിനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. 5 കോടി 22 ലക്ഷം രൂപയാണ് ഈ സാമ്പത്തിക വർഷം ഇതിലേക്ക് വകയിരുത്തിയിരിക്കുന്നത്. യാത്രാചെലവുകൾക്കായി 1 ലക്ഷം രൂപയും ഓഫീസ് ചെലവുകൾക്കായി 10 ലക്ഷം രൂപയും മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിൽ 10 ലക്ഷം രൂപയുംകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 39.79 ലക്ഷം രൂപ അധികം അനുവദിച്ചു.

ശുപാർശ നമ്പർ 29

(ഖണ്ഡിക നമ്പർ 29)

3054-80-001-98—മേൽനോട്ടം

റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർമാരുടെ അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും ഉൾക്കൊള്ളുന്ന ഈ കണക്കിനത്തിൽ ഈ സാമ്പത്തിക വർഷം 3,97,25,000 രൂപ അനുവദിച്ചിട്ടുണ്ട്. യാത്രാ ചെലവ്, ഓഫീസ് ചെലവ് എന്നീ ഇനത്തിൽ യഥാക്രമം 2 ലക്ഷവും 6 ലക്ഷവും കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 2 ലക്ഷം രൂപയും പി.ഒ.എൽ. ഇനത്തിൽ 2 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ ആകെ അനുവദിച്ചത് 397.25 ലക്ഷം രൂപയും ആകെ ചെലവായ തുക 350.10 ലക്ഷം രൂപയും ആണ്. ആകെ ചെലവിനം അനുവദിച്ച തുകയേക്കാൾ കുറവായതിനാൽ അധികതുക അനുവദിക്കേണ്ടിവന്നില്ല.

ശുപാർശ നമ്പർ 30

(ഖണ്ഡിക നമ്പർ 30)

3054-80-001-97—നിർവ്വഹണം

റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെയും സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെയും കീഴിലുള്ള 16 ഡിവിഷണൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ

മാരുടെയും തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള രണ്ട് മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും 6 ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും ഓഫീസുകളിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും ഉൾക്കൊള്ളുന്ന ഈ ഇനത്തിൽ 94,45,51,000 രൂപ അനുവദിച്ചിരിക്കുന്നു. ഓഫീസ് ചെലവുകൾക്കായി 50 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങൾക്കായി 10 ലക്ഷം രൂപയും മറ്റ് ചെലവുകൾക്കായി 3 ലക്ഷം രൂപയുംകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിൽ 20 ലക്ഷം രൂപയും പുതിയ കാറുകൾ വാങ്ങുന്നതിലേക്കായി 1 കോടി 50 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ ചെലവായ 7909.32 ലക്ഷം രൂപ ബജറ്റ് വിഹിതമായി ലഭിച്ച 9445.51 ലക്ഷം രൂപയേക്കാൾ കുറവായതിനാൽ അധിക തുക അനുവദിക്കേണ്ടിവന്നില്ല.

ശുപാർശ നമ്പർ 31

(ഖണ്ഡിക നമ്പർ 31)

3054-80-04-99—ഗവേഷണവും പരിഷ്ക്കരണവും

**കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**

ചീഫ് എഞ്ചിനീയർ, ഡ്രിക് ബോർഡിന്റെ കീഴിൽ ഹൈവേകളുടെ ഗവേഷണത്തിനും പരിഷ്ക്കരണത്തിനും വേണ്ടിയുള്ള കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളവും ഓഫീസ് ചെലവുകളും ഉൾക്കൊള്ളുന്ന ഈ കണക്കിനത്തിൽ പദ്ധതി ഇനത്തിൽ 15 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 1,67,77,000 രൂപയും അനുവദിച്ചിരിക്കുന്നു. പദ്ധതി ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക തീരെ അപര്യാപ്തമായതിനാൽ പ്രസ്തുത തുക 30 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. വൈദ്യുത ചെലവിനത്തിൽ അനുവദിച്ചിട്ടുള്ള 32,000 രൂപ അപര്യാപ്തമായതിനാൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ, മോട്ടോർ വാഹനങ്ങൾക്കായി വകയിരുത്തിയിട്ടുള്ള തുക തീരെ കുറവായതിനാൽ പ്രസ്തുത തുക 50,000 രൂപയായി വർദ്ധിപ്പിക്കണമെന്ന് ശുപാർശ ചെയ്യുന്നു. ഓഫീസ് ചെലവുകൾക്കായി അനുവദിച്ചിട്ടുള്ള 91,000 രൂപ അപര്യാപ്തമായതിനാൽ 2 ലക്ഷം രൂപ കൂടുതലായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച തുകയേക്കാൾ കുറവാണ് ആകെ ചെലവായ തുക. ആയതിനാൽ അധിക തുക അനുവദിക്കേണ്ടിവന്നില്ല.

## ശുപാർശ നമ്പർ 32

(ഖണ്ഡിക നമ്പർ 32)

3054-80-004-98—പബ്ലിക് വർക്സ് ഡിസൈൻ ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ ആന്റ് റിസർച്ച് ബോർഡ്

ചീഫ് എഞ്ചിനീയർ ഡ്രിക് ബോർഡിന്റെ ഓഫീസിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും ഉൾക്കൊള്ളുന്ന ഈ കണക്കിനത്തിൽ 2,66,92,000 രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ മോട്ടോർ വാഹനങ്ങൾക്ക് അനുവദിച്ചിട്ടുള്ള 12,000 രൂപ തുലോം കുറവായതിനാൽ ഈ തുക 25,000 രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ പി. ഒ. എൽ.ന് 40,000 രൂപയും ഓഫീസ് ചെലവിന് 1 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

മൊത്തം ചെലവായ 261.92 ലക്ഷം രൂപ പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമായി അനുവദിച്ച 266.92 ലക്ഷം രൂപയേക്കാൾ കുറവായതിനാൽ അധിക തുക അനുവദിക്കേണ്ടിവന്നില്ല.

## ശുപാർശ നമ്പർ 33

(ഖണ്ഡിക നമ്പർ 33)

3054-80-004-94—വിവിധ തന്ത്രപ്രധാന പഠനങ്ങൾ—സംസ്ഥാന റോഡുകൾക്കുള്ള അടിസ്ഥാന സൗകര്യവികസനത്തിനുള്ള സാങ്കേതികസഹായം ലോകബാങ്ക് സഹായമുള്ള പദ്ധതി/കേരള സംസ്ഥാന ഗതാഗത പദ്ധതി (ലോക ബാങ്ക് സഹായമുള്ളത്)

സംസ്ഥാന രാജപാതകളുടെയും പ്രധാന ജില്ലാ റോഡുകളുടെയും വികസനത്തിനായി അവയുടെ പണികൾ മുൻഗണനാ അടിസ്ഥാനത്തിൽ ഏറ്റെടുക്കുന്നതിനുവേണ്ടി ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്റ്റിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഈ കണക്കിനത്തിൽ നടപ്പു സാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. ഇതിലേക്കായി 25 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ ആകെ ചെലവായ തുക 15.03 ലക്ഷം രൂപയാണ്. അധിക തുക അനുവദിക്കേണ്ടിവന്നില്ല.

## ശുപാർശ നമ്പർ 34

(ഖണ്ഡിക നമ്പർ 34)

3054-80-052-98—യന്ത്രോപകരണങ്ങൾ—വാഹനങ്ങളും അറ്റകുറ്റപ്പണികളും

റോഡുകളും പാലങ്ങളും വിഭാഗത്തിലെ റോഡ് റോളറുകൾ തുടങ്ങിയ യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി നടപ്പു സാമ്പത്തികവർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. റോളറുകളുടെ അറ്റകുറ്റപ്പണികൾ ചെയ്ത ഇനത്തിൽ

നൽകാൻ 10 ലക്ഷം രൂപയും കൂടാതെ വിവിധ വർക്ക്ഷോപ്പുകളിൽ അറ്റകുറ്റപ്പണികൾ ചെയ്യാനുള്ള റോളറുകൾക്ക് 50 ലക്ഷം രൂപയും വേണ്ടിവരുമെന്നതിനാൽ ഈ തുക തീരെ അപര്യാപ്തമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതിയുടെ ശുപാർശപ്രകാരം അധിക തുകയായി അനുവദിച്ച 47.73 ലക്ഷം രൂപ വിനിയോഗിച്ചു.

ശുപാർശ നമ്പർ 35

(ഖണ്ഡിക നമ്പർ 35)

3054-80-107-97—റെയിൽവേ സുരക്ഷിതത്വ പണികൾ, കാവൽക്കാർ ഇല്ലാത്ത ലവൽക്രോസിംഗുകളിൽ കാവൽസംവിധാനം ഏർപ്പെടുത്തൽ

കാവൽക്കാർ ഇല്ലാത്ത ലെവൽക്രോസിംഗുകളിൽ കാവൽസംവിധാനം ഏർപ്പെടുത്തുന്നതിലേക്കായി നടപ്പു സാമ്പത്തികവർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ഇതിനായി ഓരോ വർഷവും 2 കോടി 50 ലക്ഷം രൂപ റയിൽവേക്ക് പൊതുമരാമത്ത് വകുപ്പ് നൽകിവരുന്നു. മുൻ വർഷങ്ങളിൽ ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തിനാൽ ഓരോ വർഷവും ഈ ശീർഷകത്തിലേക്ക് റയിൽവേക്ക് വേണ്ട തുക പുനർവിനിയോഗം ചെയ്ത് നൽകി വരുന്നതായി സമിതി വിലയിരുത്തുന്നു. റയിൽവേക്ക് കുടിശ്ശിക 2 കോടി 50 ലക്ഷം രൂപ നിലവിലുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2 കോടി 50 ലക്ഷം രൂപ ഈ കണക്കിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതിയുടെ ശുപാർശപ്രകാരം 347.20 ലക്ഷം രൂപ അധികം അനുവദിച്ചു.

ശുപാർശ നമ്പർ 36

(ഖണ്ഡിക നമ്പർ 36)

3054-80-800-99—മറ്റു ചെലവുകൾ—സാധാരണ അറ്റകുറ്റപ്പണികൾ

പൊതുമരാമത്ത് വകുപ്പിന്റെകീഴിലുള്ള റോഡുകളുടെ ഉപരിതലം പുതുക്കുന്നതിനായി 86 കോടി 58 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇത് തീരെ അപര്യാപ്തമായതിനാൽ 310 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുകയായി 107.99 ലക്ഷം രൂപ അനുവദിച്ചു.

ശുപാർശ നമ്പർ 37

(ഖണ്ഡിക നമ്പർ 37)

3054-80-800-98—ഗതാഗത സൗകര്യങ്ങളുടെ പുതുക്കലുകൾ

മരാമത്ത് വകുപ്പിന്റെകീഴിലുള്ള റോഡുകളുടെ ഉപരിതലം പുതുക്കുന്നതിന് ആവശ്യമായ തുക ഈ കണക്കിനത്തിൽ വകയിരുത്തുന്നു. ഈ സാമ്പത്തിക വർഷം അനുവദിച്ച 88 കോടി 32 ലക്ഷം രൂപ തീരെ അപര്യാപ്തമായതിനാൽ 466 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ ചെലവായ തുക 3219.75 ലക്ഷം രൂപയാണ്. ടി തുക ബജഡ്റ്റ് വിഹിതത്തേക്കാൾ കുറവായതിനാൽ അധിക തുക അനുവദിക്കേണ്ടി വന്നില്ല.

ശുപാർശ നമ്പർ 38

(ഖണ്ഡിക നമ്പർ 38)

3054-80-800-97—ഗതാഗത സൗകര്യങ്ങളുടെ പ്രത്യേക അറ്റകുറ്റപ്പണികൾ

പൊതുമരാമത്ത് വകുപ്പിന്റെകീഴിലുള്ള റോഡുകളുടെ പ്രത്യേക അറ്റകുറ്റപ്പണികൾക്കായി നടപ്പു സാമ്പത്തികവർഷം അനുവദിച്ച 38 കോടി 81 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 155 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കമ്മിറ്റിയുടെ ശുപാർശപ്രകാരം 197.62 ലക്ഷം രൂപ അധിക തുക അനുവദിക്കുകയും കരാറുകാരുടെ പ്രവൃത്തിയുടെ ബില്ലുകൾ തീർപ്പാക്കുന്നതിന് വിനിയോഗിച്ചിട്ടുള്ളതുമാണ്.

ശുപാർശ നമ്പർ 39

(ഖണ്ഡിക നമ്പർ 39)

3054-80-800-96—വെള്ളപ്പൊക്ക കെടുതികളുടെ അറ്റകുറ്റപ്പണികൾ

പൊതുമരാമത്ത് വകുപ്പിന്റെകീഴിലെ റോഡുകളിൽ വെള്ളപ്പൊക്ക കെടുതികളുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി നടപ്പു സാമ്പത്തികവർഷത്തിൽ വകകൊള്ളിച്ചിട്ടുള്ള 13 കോടി 41 ലക്ഷം രൂപ തീരെ പര്യാപ്തമല്ലാത്തതിനാൽ 155 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 284.25 ലക്ഷം രൂപ അധിക തുകയായി അനുവദിക്കുകയും കരാറുകാരുടെ പ്രവൃത്തിയുടെ ബില്ലുകൾ തീർപ്പാക്കിയിട്ടുള്ള തുമാണ്.

ശുപാർശ നമ്പർ 40

(ഖണ്ഡിക നമ്പർ 40)

3054-80-800-95—റോഡ് സുരക്ഷിതത്വ പണികൾ

റോഡ് സുരക്ഷിതത്വത്തിന്റെ ഭാഗമായി നടപ്പാതകൾ, ട്രാഫിക് ഐലന്റുകൾ, പാർശ്വ ചാലുകൾ മുതലായവ നിർമ്മിക്കുന്നതിനുള്ള തുക ഈ ഇനത്തിൽ വകയിരുത്തിയിരിക്കുന്നു. ഈ സാമ്പത്തിക വർഷത്തിൽ, പദ്ധതിയിനത്തിൽ 4,12,000 രൂപ വകയിരുത്തിയിരിക്കുന്നു. സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിൽ വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കണക്കിലെടുത്ത് വരുംനാളുകളിൽ റോഡ് സുരക്ഷിതത്വ പണികൾക്ക് പ്രത്യേക ഊന്നൽ നൽകുവാൻ ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത്തരം പ്രവർത്തനങ്ങൾക്ക് ഈ തുക തീരെ പര്യാപ്തമല്ലാത്തതിനാൽ 100 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 85.17 ലക്ഷം രൂപ അധിക തുകയായി അനുവദിച്ചു.

ശുപാർശ നമ്പർ 41

(ഖണ്ഡിക നമ്പർ 41)

3054-80-800-94 (01)—വിശിഷ്ടാതിഥികളുടെ സന്ദർശനവുമായി ബന്ധപ്പെട്ട പണികൾ

വിശിഷ്ടാതിഥികളുടെ സന്ദർശനം (റിപ്പബ്ലിക്/സ്വാതന്ത്ര്യദിനാചരണം എന്നിവ) സംബന്ധിച്ച പണികൾ ഈ കണക്കിനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നടപ്പു സാമ്പത്തികവർഷത്തിൽ അനുവദിച്ച 4 കോടി 55 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 20 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ ആകെ ചെലവഴിച്ച തുക 309.24 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി ലഭിച്ചതിനേക്കാൾ കുറവാണ്. ആയതിനാൽ അധിക തുക അനുവദിക്കേണ്ടിവന്നില്ല.

ശുപാർശ നമ്പർ 42

(ഖണ്ഡിക നമ്പർ 42)

3054-80-800-94 (03)—ട്രാഫിക് സൈൻ ബോർഡുകൾ

വാഹന ഗതാഗതത്തിനായി സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിനും അവ സംരക്ഷിക്കുന്നതിനുമായി ഈ ഇനത്തിൽ നടപ്പു സാമ്പത്തികവർഷം അനുവദിച്ച 1 കോടി 23 ലക്ഷം രൂപ പര്യാപ്തമല്ലാത്തതിനാൽ 80 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 1 കോടി 23 ലക്ഷം രൂപ അനുവദിച്ചിരുന്നെങ്കിലും 5.33 ലക്ഷം രൂപയാണ് മൊത്തം ചെലവായത്. ആയതിനാൽ അധിക തുക അനുവദിക്കേണ്ടിവന്നില്ല.

<u>ശുപാർശ നമ്പർ 43</u>

(ഖണ്ഡിക നമ്പർ 43)

3054-80-800-94 (07)—<u>നഗരത്തിനുള്ളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ</u>

തിരുവനന്തപുരം, കൊച്ചി, തൃശൂർ, കോഴിക്കോട്, കൊല്ലം എന്നീ നഗരങ്ങളിലെ റോഡുകളിലെ അറ്റകുറ്റപ്പണികൾക്കുവേണ്ടിയാണ് ഈ കണക്കിനത്തിൽ തുക വകയിരുത്തുന്നത്. ഇതിനായി അനുവദിച്ച 2 കോടി 37 ലക്ഷം രൂപ പര്യാപ്തമല്ല. അതിനാൽ <u>20 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു</u>.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ മൊത്തം ചെലവഴിച്ച 70.99 ലക്ഷം രൂപ ബഡ്ജറ്റ് തുകയ്ക്കുള്ളിൽ ആയതിനാൽ അധിക തുക അനുവദിക്കേണ്ടിവന്നില്ല.

<u>ശുപാർശ നമ്പർ 44</u>

(ഖണ്ഡിക നമ്പർ 44)

3054-80-800-93—<u>ശബരിമല വർക്കുകൾ</u>

ശബരിമലയിലേക്കുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി വകയിരുത്തിയിരിക്കുന്നത് 5 കോടി 15 ലക്ഷം രൂപയാണ്. എല്ലാവർഷവും ശബരിമല ഉത്സവകാലം ആരംഭിക്കുന്നതിനുമുമ്പ് റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്തുതീർക്കേണ്ടതുണ്ട്. ഇതിലേക്കായി നടപ്പു സാമ്പത്തികവർഷം 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ശബരിമലയിലേക്കുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി ബഡ്ജറ്റ് വിഹിതത്തിനുപുറമെ 1080.71 ലക്ഷം രൂപ അധികം അനുവദിക്കുകയും കരാറുകാരുടെ പ്രവൃത്തിയുടെ ബില്ലുകൾ തീർപ്പാക്കിയിട്ടുള്ളതുമാണ്.

<u>ശുപാർശ നമ്പർ 45</u>

(ഖണ്ഡിക നമ്പർ 45)

3054-80-800-92—<u>കേരള റോഡ് ഫണ്ട്</u>

റോഡ് നിർമ്മാണം, പരിപാലനം എന്നീ മേഖലകളിൽ സ്വകാര്യപങ്കാളിത്തത്തോടെയുള്ള വികസനപ്രവർത്തനം മുൻനിർത്തി രൂപംകൊടുത്ത കേരള റോഡ് ഫണ്ട് ബോർഡിന് പ്രത്യേക സാമ്പത്തിക സ്രോതസ്സുകളും അത് ഗതാഗതമേഖലയിൽ വിനിയോഗിക്കുന്നതിനുള്ള ചട്ടക്കൂടുകളും വിഭാവനം ചെയ്തിട്ടുണ്ട്.

കേരള റോഡ് ഫണ്ടിന്റെ വിവിധ പദ്ധതികൾക്കായി 2010-11 സാമ്പത്തികവർഷം 75 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മോട്ടോർ വാഹന നികുതിയുടെ കുടിശ്ശികയിനത്തിൽ 133,54,50,000 രൂപ ലഭിച്ചിട്ടുണ്ട്. കോഴിക്കോട് മോണോ റെയിൽ പദ്ധതി, കണ്ണൂർ-മട്ടന്നൂർ എയർപോർട്ട് റോഡ്, കോട്ടയത്തിനായുള്ള സംയോജിത റോഡ് ശൃംഖല എന്നിവയുടെ നിർമ്മാണം നടത്താൻ ലക്ഷ്യമിട്ടിരിക്കുന്നു. എറണാകുളത്തെ വെണ്ടുരുത്തി പാലത്തിന്റെ നിർമ്മാണ ജോലികൾ പൂർത്തീകരിക്കുന്നതിനായി 9 കോടി രൂപ ഈ സാമ്പത്തിക വർഷം ചെലവ് പ്രതീക്ഷിക്കുന്നു. എന്നാൽ നടപ്പു സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനായി 40 കോടി രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. 2010-11 വർഷം നികുതി 133,54,50,000 രൂപ കണക്കാക്കി 58 കോടി 54 ലക്ഷം രൂപ അധികമായി നടപ്പു സാമ്പത്തികവർഷത്തിൽ ഈ കണക്കിനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ അധിക തുക അനുവദിച്ചു നൽകി. ബഡ്ജറ്റിൽ അനുവദിച്ച തുക ചെലവഴിച്ചു.

<u>ശുപാർശ നമ്പർ 46</u>

(ഖണ്ഡിക നമ്പർ 46)

4059-01-051-99—പൊതുമരാമത്ത് മൂലധന ചെലവ്—ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം—സംസ്ഥാന നിയമസഭ

സംസ്ഥാന നിയമസഭയുടെ ചില്ലിംഗ് പ്ലാന്റ് സ്ഥാപിക്കൽ തുടങ്ങിയ പരിഷ്ക്കരണ ജോലികൾ എന്നിവയ്ക്കായി 15,37,000 രൂപ പദ്ധതിയിനത്തിൽ വകയിരുത്തിയിരിക്കുന്നു. അനുവദിച്ച തുക മതിയാകുകയില്ലാത്തതിനാൽ 1 കോടി 50 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാന നിയമസഭയുടെ ചില്ലിംഗ് പ്ലാന്റ് സ്ഥാപിക്കൽ തുടങ്ങിയ പരിഷ്ക്കരണ ജോലികൾക്ക് സാങ്കേതികാനുമതി ലഭിക്കാത്തതിനാൽ തുക വിനിയോഗിക്കാൻ സാധിച്ചില്ല.

<u>ശുപാർശ നമ്പർ 47</u>

(ഖണ്ഡിക നമ്പർ 47)

4059-01-051-98—നീതിന്യായ നിർവ്വഹണം

കോടതി കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി പുതിയതായി തുടങ്ങിയ ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 32,12,000 രൂപയും പദ്ധതിയിതരയിനത്തിൽ 18 കോടി രൂപയും അനുവദിച്ചിരിക്കുന്നു. ഹൈക്കോടതി, കോടതി സമുച്ചയങ്ങൾ എന്നിവ നിലവിലുള്ള 50% CSS-ൽ ഉൾപ്പെടുന്നില്ല. 13 കോടതി സമുച്ചയങ്ങളുടെ നിർമ്മാണത്തിന് പ്രത്യേക കേന്ദ്രസഹായം അനുവദിക്കുന്നതുവരെ സംസ്ഥാന പദ്ധതിപ്രകാരം ബഡ്ജറ്റ് വിഹിതം ആവശ്യമാണ്. 18 കോടതി കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ആകെ 74 കോടി 9 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. വഞ്ചിയൂർ കോർട്ട് കോംപ്ലക്സ് പൂർത്തിയായി. കൂടാതെ കൊട്ടാരക്കര, എറണാകുളം

കോടതി സമുച്ചയത്തിന്റെ പണി പുരോഗമിക്കുന്നതായും വിവിധ കോടതി കെട്ടിടങ്ങളുടെ നിർമ്മാണം ഏറ്റെടുക്കേണ്ടതായും സമിതി മനസ്സിലാക്കുന്നു. ഇതിനായി 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേന്ദ്രസഹായമില്ലാത്ത പ്രവർത്തികൾക്കാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തുന്നത്. ബഡ്ജറ്റ് വിഹിതം മുഴുവൻ വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ അധിക തുകയൊന്നും അനുവദിക്കേണ്ടിവന്നില്ല.

ശുപാർശ നമ്പർ 48

(ഖണ്ഡിക നമ്പർ 48)

4059-01-051-97—ഇലക്ഷൻ

ഇലക്ഷൻ കമ്മീഷന്റെ ആസ്ഥാന മന്ദിര നിർമ്മാണത്തിനായുള്ള ഈ കണക്കിനത്തിൽ നടപ്പു സാമ്പത്തികവർഷം 1,91,000 രൂപ അനുവദിച്ചിട്ടുണ്ട്. മന്ദിരനിർമ്മാണത്തിനുള്ള സ്ഥലം അനുവദിക്കുകയും നിർദ്ദിഷ്ട ജോലിക്ക് ഭരണാനുമതി ലഭിക്കുകയും ചെയ്യുന്ന മുറയ്ക്ക് അധികം തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

ശുപാർശ നമ്പർ 49

(ഖണ്ഡിക നമ്പർ 49)

4059-01-051-96—ഭൂനികുതി—ചാർജ്ജ് ചെയ്തത്

ഭൂനികുതി വകുപ്പിലെ പണികൾക്കായി 2010-11 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 70,44,000 (പദ്ധതിയിനം) രൂപ മാത്രമാണ്. നടപ്പുവർഷം 25 വില്ലേജാഫീസുകളുടെ കെട്ടിടനിർമ്മാണത്തിനും നവീകരണത്തിനുമായി 1 കോടി 95 ലക്ഷം രൂപ മതിപ്പു ചെലവുവരുന്ന പണികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ഇനിയും പല ഓഫീസുകളുടേയും പണികൾ നടത്താനുമുണ്ട്. ആയതിനാൽ 2 കോടി രൂപകൂടി പ്രസ്തുതയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഭൂനികുതി വകുപ്പിലെ പണികൾക്കായി 2010-11 വർഷത്തേക്ക് 75.63 ലക്ഷം രൂപ അധികമായി അനുവദിക്കുകയുണ്ടായി. പ്രസ്തുത തുക 31-12-2010 വരെയുള്ള ബില്ലുകളുടെ കുടിശ്ശിക നൽകുന്നതിന് വിനിയോഗിച്ചു

ശുപാർശ നമ്പർ 50

(ഖണ്ഡിക നമ്പർ 50)

4059-01-051-95—മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

രജിസ്ട്രാർ ഓഫീസുകളുടെ കെട്ടിടത്തിന് ആകെ 9,09,69,000 രൂപയ്ക്കുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പല പണികളും പുരോഗതിയിലുമാണ്. 2010-11 വർഷത്തിലെ ബഡ്ജറ്റ് വിഹിതമായ 1,10,48,000 രൂപ (പദ്ധതിയിനം) മതിയാകാത്തതിനാൽ 4 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഭരണാനുമതി ലഭിച്ച രജിസ്ട്രാർ ഓഫീസ് കെട്ടിടങ്ങളുടെ പണികൾക്കായി 61.17 ലക്ഷം രൂപ അധികമായി അനുവദിക്കുകയുണ്ടായി.

ശുപാർശ നമ്പർ 51

(ഖണ്ഡിക നമ്പർ 51)

4059-01-051-94—സ്റ്റേറ്റ് എക്സൈസ്

എക്സൈസ് വകുപ്പിന്റെ വിവിധ പണികൾക്കായി 1,00,46,000 രൂപ പദ്ധതിയിനത്തിൽ അനുവദിച്ചിട്ടുണ്ട്. എറണാകുളം എക്സൈസ് കോംപ്ലക്സ്, കൊട്ടാരക്കര എക്സൈസ് ഓഫീസ് കെട്ടിടം, കഴക്കൂട്ടം, നീലേശ്വരം ഓഫീസുകൾ എന്നിവയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. തൃശൂർ അക്കാഡമിയുടെ പണി പുരോഗതിയിലാണ്. തന്മൂലം 6 കോടി രൂപ ഈ കണക്കിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എക്സൈസ് വകുപ്പിന്റെ വിവിധ പണികൾക്കായി 101.99 ലക്ഷം രൂപ അധികമായി അനുവദിക്കുകയുണ്ടായി.

ശുപാർശ നമ്പർ 52

(ഖണ്ഡിക നമ്പർ 52)

4059-01-051-93—വിൽപ്പന നികുതി

വാണിജ്യ നികുതി വകുപ്പിന്റെ പണികൾക്കായി 2010-11 സാമ്പത്തിക വർഷത്തിൽ പദ്ധതിയിനത്തിൽ 96,28,000 രൂപ അനുവദിച്ചിരിക്കുന്നു. പുതുക്കിയ ഭരണാനുമതിപ്രകാരം 5 കോടി 50 ലക്ഷം രൂപ ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വാണിജ്യ നികുതി വകുപ്പിന്റെ പണികൾക്കായി 236.70 ലക്ഷം രൂപ അധികമായി അനുവദിക്കുകയുണ്ടായി. കിള്ളിപ്പാലം സെയിൽസ്ടാക്സ്

കോംപ്ലക്സിന്റെ പണി പൂർത്തിയാക്കുകയും 31-12-2010 വരെയുള്ള കുടിശ്ശിക തുക നൽകുകയും ചെയ്തു.

ശുപാർശ നമ്പർ 53

(ഖണ്ഡിക നമ്പർ 53)

4059-01-051-92—പബ്ലിക് സർവ്വീസ് കമ്മീഷൻ

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിവിധ പണികൾക്കായി 2010-11 സാമ്പത്തിക വർഷത്തിൽ 22,42,000 രൂപ പദ്ധതിയിനത്തിൽ അനുവദിച്ചിട്ടുണ്ട്. ഗോൾഡൻ ജൂബിലി കെട്ടിടത്തിന്റെ പണി പുരോഗമിക്കുന്നു. അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 50 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിവിധ പദ്ധതികൾക്കായി 2010-11 സാമ്പത്തിക വർഷത്തേക്ക് 76.97 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി.

ശുപാർശ നമ്പർ 54

(ഖണ്ഡിക നമ്പർ 54)

4059-01-051-90—സെക്രട്ടേറിയറ്റ് ജനറൽ സർവ്വീസ്

2010-11-ലെ ബഡ്ജറ്റ് വിഹിതമായ 50,54,000 രൂപ പര്യാപ്തമല്ലാത്തതിനാൽ 50 ലക്ഷം രൂപകൂടി ഈ കണക്കിനത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധികമായി തുക അനുവദിക്കേണ്ടിവന്നിട്ടില്ല.

ശുപാർശ നമ്പർ 55

(ഖണ്ഡിക നമ്പർ 55)

4059-01-051-90—ട്രഷറിയും അക്കൗണ്ട് ഭരണവും

ശാസ്താംകോട്ട, പഴയങ്ങാടി, ദ്വാരക, പള്ളിക്കാത്തോട് എന്നിവിടങ്ങളിൽ ട്രഷറി കെട്ടിടനിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ട്രഷറികളുടെ നിർമ്മാണത്തിന് ഈ സാമ്പത്തികവർഷം പദ്ധതിയിനത്തിൽ 10,25,000 രൂപയും പദ്ധതിയേതരയിനത്തിൽ 60 കോടി രൂപയുമാണ് അനുവദിച്ചിരിക്കുന്നത്. ഈ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ ചുരുങ്ങിയത് 75 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ട്രഷറികളുടെ നിർമ്മാണത്തിനായി 2010-11-ൽ 15.69 ലക്ഷം രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്. ഈ തുക 31-12-2010 വരെയുള്ള കുടിശ്ശിക നൽകുന്നതിനായി വിനിയോഗിച്ചു.

ശുപാർശ നമ്പർ 56

(ഖണ്ഡിക നമ്പർ 56)

4059-01-051-89—പോലീസ്

ജില്ലാ പോലീസ് ഓഫീസുകളുടേയും മറ്റും പണി ഈ കണക്കിനത്തിൽ പെടുന്നു. 120 ലക്ഷം രൂപ മതിപ്പ് ചെലവിൽ അരൂർ പോലീസ് സ്റ്റേഷൻ, 25 ലക്ഷം രൂപ മതിപ്പ് ചെലവിൽ തലയോലപ്പറമ്പ് സ്റ്റേഷൻ എന്നിവയ്ക്ക് ഭരണാനുമതി ലഭിച്ചു. മറ്റു പല ഓഫീസുകളുടേയും പണികൾ ഏറ്റെടുക്കേണ്ട സാഹചര്യമുണ്ട്. പദ്ധതിയിനത്തിൽ അനുവദിച്ച 3,95,000 രൂപ തീരെ പര്യാപ്ത മല്ലാത്തതിനാൽ 2 കോടി രൂപകൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പോലീസ് ഓഫീസുകളുടെ നിർമ്മാണത്തിനായി 5.61 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി.

ശുപാർശ നമ്പർ 57

(ഖണ്ഡിക നമ്പർ 57)

4059-01-051-88—ജയിലുകൾ

ജയിൽ, ഡി. ജി. പി. ഐ. ജി., ഡി. ഐ. ജി. ഓഫീസുകളുടെ നിർമ്മാണം ഉൾപ്പെടുന്ന ഈ കണക്കിനത്തിൽ നടപ്പുസാമ്പത്തികവർഷം പദ്ധതിയിനത്തിൽ 11,84,000 രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 28 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷത്തേക്ക് ഈ ശീർഷകത്തിൽ അധിക തുകയൊന്നും വകയിരുത്തിയിട്ടില്ല.

ശുപാർശ നമ്പർ 58

(ഖണ്ഡിക നമ്പർ 58)

4059-01-051-87—പ്രിന്റിംഗ്

സ്റ്റേഷനറി, അച്ചടി വകുപ്പിന്റെ പണികൾക്കായി പദ്ധതിയിനത്തിൽ അനുവദിച്ചിട്ടുള്ള 3,88,000 രൂപ തികച്ചും അപര്യാപ്തമായതിനാൽ 1 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിലേക്ക് അധിക തുകയൊന്നും വകയിരുത്തിയിട്ടില്ല.

ശുപാർശ നമ്പർ 59

(ഖണ്ഡിക നമ്പർ 59)

4059-01-051-86—പൊതുമരാമത്ത് സിവിൽ പണികൾ

സിവിൽ സ്റ്റേഷൻ, മിനി സിവിൽ സ്റ്റേഷൻ തുടങ്ങിയ വൻകിട മരാമത്ത് പണികൾക്കുള്ള അടങ്കലായ ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 8,60,50,000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. 55 വിവിധ പണികൾക്കായി 1,60,60,000 രൂപയ്ക്കുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. മറ്റു പല പണികളും പുരോഗതിയിലാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 1 കോടി രൂപകൂടി ഈ കണക്കിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഭരണാനുമതി ലഭിച്ചിട്ടുള്ള വിവിധ പണികൾക്കായി 1252.33 ലക്ഷം രൂപ അധികമായി അനുവദിക്കുകയുണ്ടായി.

ശുപാർശ നമ്പർ 60

(ഖണ്ഡിക നമ്പർ 60)

4059-01-051-84—പൊതുജനാരോഗ്യം

പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട നിർമ്മാണങ്ങൾക്കായി ആരംഭിച്ച ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തികവർഷം തുകയൊന്നും അനുവദിച്ചിട്ടില്ല. വയനാട് ജില്ലാ മെഡിക്കൽ ഓഫീസുകൾ, ഡയറക്ടറേറ്റ് ഇവകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 1 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട നിർമ്മാണങ്ങൾക്കായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിരുന്നില്ലെങ്കിലും പിന്നീട് 3.39 ലക്ഷം രൂപ അനുവദിച്ചു.

ശുപാർശ നമ്പർ 61

(ഖണ്ഡിക നമ്പർ 61)

4059-60-051-99—മറ്റു കെട്ടിടങ്ങളുടെ നിർമ്മാണം, സംസ്ഥാന നിയമസഭ

സംസ്ഥാന നിയമസഭയിലെ നിർമ്മാണപ്രവർത്തനങ്ങൾക്ക് അനുവദിച്ച ശീർഷകത്തിൽ നടപ്പു സാമ്പത്തികവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. നിയമസഭാ സമുച്ചയത്തിലെ ചില്ലിംഗ് പ്ലാന്റ് മാറ്റി സ്ഥാപിക്കുന്നതിന് 3 കോടി 25 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതിനാൽ 4 കോടി രൂപ ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതിയുടെ ശുപാർശപ്രകാരം നിയമസഭാ സമുച്ചയത്തിലെ ചില്ലിംഗ് പ്ലാന്റ് മാറ്റി സ്ഥാപിക്കുന്നതിനായി 103.76 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 40.94 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

ശുപാർശ നമ്പർ 62

(ഖണ്ഡിക നമ്പർ 62)

4059-60-051-98—നീതിന്യായം

ഈ കണക്കിനത്തിൽ നടപ്പു സാമ്പത്തികവർഷം അനുവദിച്ചിട്ടുള്ള 7,00,16,000 രൂപ കോടതി കെട്ടിടങ്ങളുടെ നിർമ്മാണത്തിന് അപര്യാപ്തമായതിനാൽ ചുരുങ്ങിയത് 10 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കോടതി കെട്ടിടങ്ങളുടെ പണികൾക്കായുള്ള 1092.31 ലക്ഷം രൂപ ഈ ശീർഷകത്തിലേക്ക് അധികമായി അനുവദിക്കുകയുണ്ടായി.

ശുപാർശ നമ്പർ 63

(ഖണ്ഡിക നമ്പർ 63)

4059-60-051-86—പൊതുമരാമത്ത് പണികൾ

സംസ്ഥാനത്തെ വിവിധ റസ്റ്റ് ഹൗസുകളുടെയും മറ്റു കെട്ടിടങ്ങളുടെയും പണികൾക്ക് 6 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 1 കോടി രൂപയാണ് പദ്ധതിയിനത്തിൽ അനുവദിച്ചിട്ടുള്ളത്. കൂടാതെ ലെജിസ്ലേച്ചർ കോംപ്ലക്സിന്റെ പണികൾക്കാവശ്യമായ തുകയും ഈ കണക്കിനത്തിൽപ്പെടുന്നു. നടന്നുകൊണ്ടിരിക്കുന്നതും ഭരണാനുമതി ലഭിച്ചവയ്ക്കും കുടിശ്ശിക ബില്ലുകൾ നൽകുവാനുമായി 4 കോടി രൂപകൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാനത്തെ റസ്റ്റ് ഹൗസുകളുടെയും മറ്റു കെട്ടിടങ്ങളുടെയും പണികൾക്കായി 123.01 ലക്ഷം രൂപ അധികമായി അനുവദിച്ചു. ഭരണാനുമതി ലഭിച്ച പുതിയ പണികൾക്കും നടന്നുകൊണ്ടിരുന്ന പണികൾക്കും 12/2010 വരെയുള്ള കുടിശ്ശിക ബില്ലുകൾ നൽകാനും പ്രസ്തുത തുക വിനിയോഗിച്ചു.

ശുപാർശ നമ്പർ 64

(ഖണ്ഡിക നമ്പർ 64)

4059-60-051-85—അഗ്നിപ്രതിരോധവും നിയന്ത്രണവും

വിവിധ ഫയർസ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 2010-11 വർഷത്തേക്ക് തുകയൊന്നും നീക്കിവച്ചിട്ടില്ല. നടപ്പു പണികൾക്കും പുതിയ ജോലികൾക്കുമായി 4 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഫയർസ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 2010-11 വർഷത്തേക്ക് 46.57 ലക്ഷം രൂപ അനുവദിച്ചു.

ശുപാർശ നമ്പർ 65

(ഖണ്ഡിക നമ്പർ 65)

4059-60-051-84—പൊതുജനാരോഗ്യം

ആരോഗ്യ വകുപ്പിന്റെ വിവിധ സ്ഥാപനങ്ങളുടെ കെട്ടിടനിർമ്മാണത്തിനായി 3 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 3.18 ലക്ഷം രൂപ ലഭിക്കുകയും ആയത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ടി തുക 12/2010 വരെയുള്ള കുടിശ്ശിക ബില്ലുകൾക്ക് തുക നൽകുന്നതിനായി വിനിയോഗിച്ചു.

ശുപാർശ നമ്പർ 66

(ഖണ്ഡിക നമ്പർ 66)

4059-80-051-79—ജെന്റർ ബഡ്ജറ്റിംഗിന് തുടക്കം

പബ്ലിക് ഓഫീസുകളിൽ സ്ത്രീസൗഹൃദപരമായ അടിസ്ഥാനസൗകര്യങ്ങൾ നൽകുന്നതിനായി പൊതുമരാമത്ത് വകുപ്പിൽ ആദ്യമായി ആരംഭിച്ചതാണ് ഈ പദ്ധതി. ജില്ലാ ആസ്ഥാനങ്ങളിലേയും താലൂക്ക് ആസ്ഥാനങ്ങളിലേയും പബ്ലിക് ഓഫീസുകളിൽ സ്ത്രീകൾക്കായി കൂടുതൽ ടോയ്‍ലറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുക; പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർക്കും ആർക്കിടെക്റ്റുകൾക്കും സ്ത്രീ സൗഹൃദപരമായ നിർമ്മാണത്തിനും പരിശീലനം നൽകുക; വികാസ്ഭവൻ, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, സിവിൽ സ്റ്റേഷൻ എന്നിവിടങ്ങളിൽ അംഗവൈകല്യമുള്ള ആളുകൾക്കായി റാമ്പുകൾ സ്ഥാപിക്കുക എന്നീ പദ്ധതികൾ ചെയ്യാൻ ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. 2010-11 സാമ്പത്തികവർഷം 1,81,22,000 രൂപ ഈ കണക്കിനത്തിൽ വകയിരുത്തിയിരിക്കുന്നു. എല്ലാ ജില്ലയിലും ഈ സ്കീം തുടങ്ങുന്നതിന് അനുവദിച്ച തുക തികച്ചും അപര്യാപ്തമായതിനാൽ 10 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2010-11 വർഷത്തേക്ക് അനുവദിച്ച 181.22 ലക്ഷം രൂപ മുഴുവനും വിനിയോഗിക്കാൻ സാധിച്ചിട്ടില്ല.

ശുപാർശ നമ്പർ 67

(ഖണ്ഡിക നമ്പർ 67)

5054-01-052—യന്ത്രോപകരണങ്ങൾ

റോഡുപണികളുടെ വേഗതയും നിലവാരവും മെച്ചപ്പെടുത്തുന്നതിനുള്ള യന്ത്രോപകരണങ്ങൾ വാങ്ങുന്നതിലേക്കായി കണക്കിനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ഇതിലേക്കായി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിലേക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല.

ശുപാർശ നമ്പർ 68

(ഖണ്ഡിക നമ്പർ 68)

5054-01-337-98—നാഷണൽ ഹൈവേ കടന്നുപോകുന്ന വഴിയിലുള്ള തെരഞ്ഞെടുത്ത പട്ടണങ്ങളിൽ ബൈലൈനുകൾ നിർമ്മിക്കുന്നതിന്/ദേശീയപാതയെ നഗരങ്ങളുമായി ബന്ധിക്കുന്ന ഭാഗത്തിന്റെ വികസനം

നാഷണൽ ഹൈവേ അർബൻ ലിങ്കിലെ റോഡുകളുടെ പരിഷ്ക്കരണത്തിനും ഉപപാതകളുടെയും സേവന റോഡുകളുടെയും നിർമ്മാണത്തിനുമായി വിനിയോഗിക്കുന്ന ഈ ശീർഷകത്തിൽ 4,12,000 രൂപ പദ്ധതിയിനത്തിൽ നടപ്പുവർഷം വകയിരുത്തിയിരിക്കുന്നു. അനുവദിച്ചിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ പുതിയ പണികൾക്കും നിലവിലുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനുമായി 32 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തിനുപുറമേ 147.01 ലക്ഷം രൂപ അനുവദിച്ചു. മൊത്തം ചെലവഴിച്ച തുക 151.13 ലക്ഷം രൂപയാണ്.

ശുപാർശ നമ്പർ 69

(ഖണ്ഡിക നമ്പർ 69)

5054-01-800-99—ദേശീയപാതയിലെ ബന്ധിക്കുന്ന ഭാഗത്തെ ട്രാഫിക് സുരക്ഷിതത്വ നടപടികൾ

ദേശീയപാതയെ ബന്ധിക്കുന്ന ഭാഗത്തെ ട്രാഫിക് സുരക്ഷിതത്വ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായുള്ള കണക്കിനങ്ങൾ 7,42,000 രൂപ നടപ്പുവർഷം പദ്ധതിയിനത്തിൽ അനുവദിച്ചിരിക്കുന്നു. വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കണക്കിലെടുത്ത് 1 കോടി 50 ലക്ഷം രൂപ പ്രസ്തുത പ്രവർത്തനങ്ങൾക്ക് അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ ചെലവൊന്നും ഇല്ലാത്തതിനാൽ അധിക തുക അനുവദിച്ചില്ല.

ശുപാർശ നമ്പർ 70

(ഖണ്ഡിക നമ്പർ 70)

5054-03-101-99—സംസ്ഥാന രാജപാതകൾ, പാലങ്ങൾ, പാലങ്ങളും കലുങ്കുകളും

സംസ്ഥാന രാജപാതകളിൽ വരുന്ന പാലങ്ങളുടേയും കലുങ്കുകളുടേയും നിർമ്മാണം, പരിഷ്ക്കരണം തുടങ്ങിയ പണികൾക്കുള്ള ചെലവുകൾ ഉൾപ്പെടുന്ന

കണക്കിനത്തിൽ, പദ്ധതിയിനത്തിൽ 3,42,03,000 രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാന രാജപാതയിലെ നിലവിലെ സ്ഥിതി കണക്കാക്കി പുതിയ പണികൾ തുടങ്ങുവാൻ 50 കോടി രൂപയെങ്കിലും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ ചെലവൊന്നും ഇല്ലാത്തതിനാൽ അധികതുക അനുവദിച്ചില്ല.

ശുപാർശ നമ്പർ 71

(ഖണ്ഡിക നമ്പർ 71)

5054-03-337-98—റോഡുപണികൾ വികസനവും പരിഷ്ക്കരണവും

സംസ്ഥാന രാജപാതകളുടെ നിർമ്മാണം, വികസനം, പരിഷ്ക്കരണം മുതലായ ജോലികൾക്കുള്ള തുക ഈ കണക്കിനത്തിൽ വകയിരുത്തുന്നു. നടപ്പുവർഷം അനുവദിച്ചിട്ടുള്ള 4,11,86,000 രൂപ അപര്യാപ്തമായതിനാൽ 50 കോടി രൂപ അധികമായി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 1424.18 ലക്ഷം രൂപ അധികം അനുവദിച്ചു നൽകുകയും കരാറുകാരുടെ പ്രവൃത്തിയുടെ ബില്ലുകൾ തീർപ്പാക്കിയിട്ടുള്ളതുമാണ്.

ശുപാർശ നമ്പർ 72

(ഖണ്ഡിക നമ്പർ 72)

5054-03-337-95—ഹൈവേകളുടെ റോളിംഗ് ഹെവി മെയിന്റനൻസ്

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള 23242 കി.മീ. റോഡുകളിൽ നോൺ പ്ലാൻ തുക, ബിറ്റുമിൻ ലഭ്യത എന്നിവയുടെ അപര്യാപ്തതമൂലം 5 വർഷത്തിലൊരിക്കൽപോലും ഉപരിതലം പുതുക്കുന്ന നടപടി ഏറ്റെടുക്കാൻ സാധിക്കുന്നില്ല. 2010-11 വർഷത്തിൽ വകുപ്പിന്റെ കീഴിലെ എല്ലാ റോഡുകളും 5 വർഷത്തിനുള്ളിൽ ഒരിക്കലെങ്കിലും ഉപരിതലം പുതുക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള റോളിംഗ് ഹെവി മെയിന്റനൻസ് പദ്ധതി ആരംഭിക്കുന്നുണ്ട്. 5 വർഷത്തെ ദീർഘകാല അറ്റകുറ്റപ്പണികളുൾപ്പെടെയുള്ള പണികൾ കരാറടിസ്ഥാനത്തിൽ നൽകാൻ ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഈ പദ്ധതിയിൽ 4342 കി.മീ. നീളമുള്ള രാജപാത പ്രതിവർഷം 20% വീതം പുതുക്കാനാണ് ഉദ്ദേശിക്കുന്നത്. പ്ലാൻ ഇനത്തിൽ ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന 6,88,63,000 രൂപ

ഉപയോഗിച്ച് 20% രാജപാതകൾ ചെയ്യാൻ സാധിക്കുകയില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 35 കോടി രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ ചെലവൊന്നും ഇല്ലാത്തതിനാൽ അധിക തുക അനുവദിച്ചില്ല.

ശുപാർശ നമ്പർ 73

(ഖണ്ഡിക നമ്പർ 73)

5054-04-800-98—മറ്റു ചെലവ് പ്രധാന ജില്ലാതല റോഡുകൾ (വികസനവും പരിഷ്ക്കണവും)

പ്രധാന ജില്ലാതല റോഡുകളുടെ നിർമ്മാണം, വികസനം, പരിഷ്ക്കരണം എന്നിവയ്ക്കുള്ള തുക ഉൾപ്പെടുത്തിയ കണക്കിനത്തിൽ നടപ്പുവർഷം 49,42,34,000 രൂപ അനുവദിച്ചിരിക്കുന്നു. 18000 കി.മീ. റോഡുകളുടെ വികസനത്തിന് 100 കോടി രൂപയെങ്കിലും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അധികമായി 17,727.83 ലക്ഷം രൂപ അനുവദിച്ചു നൽകുകയും കരാറുകാരുടെ പ്രവൃത്തിയുടെ ബില്ലുകൾ തീർപ്പാക്കിയിട്ടുള്ള തുമാണ്.

ശുപാർശ നമ്പർ 74

(ഖണ്ഡിക നമ്പർ 74)

5054-04-800-97—പാലങ്ങളും കലുങ്കുകളും

പ്രധാന ജില്ലാതല റോഡുകളിൽ വരുന്ന പാലങ്ങളുടേയും കലുങ്കുകളുടേയും നിർമ്മാണം, പരിഷ്ക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ ഈ കണക്കിനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 18000 കി.മീ. റോഡുകളുടെ വികസനത്തിന് അനുവദിച്ച 9,88,47,000 രൂപ മതിയാകാത്തതിനാൽ 100 കോടി രൂപയെങ്കിലും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 3,155.49 ലക്ഷം രൂപ അധികമായി അനുവദിച്ചു നൽകുകയും കരാറുകാരുടെ പ്രവൃത്തിയുടെ ബില്ലുകൾ തീർപ്പാക്കിയിട്ടുള്ളതുമാണ്.

ശുപാർശ നമ്പർ 75

(ഖണ്ഡിക നമ്പർ 75)

5054-80-800-82—പൊതുമരാമത്ത് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം ശക്തിപ്പെടുത്തൽ

മരാമത്ത് വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം ശക്തിപ്പെടുത്തുന്നതിലേക്കായി നടപ്പുവർഷം 35 ലക്ഷം രൂപ പദ്ധതിയിനത്തിൽ വകയിരുത്തിയിരിക്കുന്നു.

ടി തുക അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 492.14 ലക്ഷം രൂപ അധികമായി അനുവദിച്ചു നൽകിയിട്ടുണ്ട്.

ശുപാർശ നമ്പർ 76

(ഖണ്ഡിക നമ്പർ 76)

5054-80-800-81—റെയിൽവേ സുരക്ഷിതത്വ പണികൾ

റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം, പരിഷ്ക്കരണം തുടങ്ങിയ പണികൾക്കായി ഈ കണക്കിനത്തിൽ 82,38,000 രൂപ നടപ്പുവർഷം വകയിരുത്തിയിരിക്കുന്നു. ഈ സാമ്പത്തികവർഷം നിർദ്ദേശിക്കപ്പെട്ട 14 മേൽപ്പാലങ്ങളിൽ കൈനാട്ടി, പയ്യന്നൂർ, പരപ്പനങ്ങാടി, മുളംകുന്നത്തുകാവ് എന്നിവ ടെണ്ടർ ചെയ്തുകഴിഞ്ഞു. അടിയന്തിരമായി പണി ആരംഭിക്കേണ്ടതായുള്ള ഇവയ്ക്ക് 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അധികമായി 95.89 ലക്ഷം രൂപ അനുവദിച്ചു നൽകുകയും കരാറുകാരുടെ പ്രവൃത്തിയുടെ ബില്ലുകൾ തീർപ്പാക്കിയിട്ടുള്ളതുമാണ്.

ശുപാർശ നമ്പർ 77

(ഖണ്ഡിക നമ്പർ 77)

5054-80-800-76—ശബരിമല റോഡ് പ്രോജക്ട്

ശബരിമലയ്ക്കുള്ള തീർത്ഥാടകരുടെ എണ്ണം വർഷംതോറും 10% വീതം വർദ്ധിക്കുന്നതായി കണക്കാക്കുന്നു. അതിനാൽ ശബരിമലയിലേക്കുള്ള റോഡുകളുടെ വികസനവും അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും അത്യന്തം അഭിലഷണീയമാണ് എന്ന് സമിതി മനസ്സിലാക്കുന്നു. ശബരിമലയിലേക്കുള്ള വിവിധ റോഡുകളുടെ സമഗ്ര വികസനത്തിനുവേണ്ടി 2010-11 വർഷം 4,94,23,000 രൂപയാണ് വകയിരുത്തിയിരിക്കുന്നത്. പ്രസ്തുത റോഡുകളുടെ വികസനം കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, മൂവാറ്റുപുഴ എന്നീ ഡിവിഷനുകൾ മുഖാന്തിരം ഘട്ടംഘട്ടമായി ജോലികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ശബരിമല റോഡുകളുടെ മുഴുവൻ വികസനത്തിന് ഇപ്പോഴത്തെ കണക്കനുസരിച്ച് ഏകദേശം 200 കോടി രൂപയെങ്കിലും അനുവദിക്കേണ്ടതാണ്. ആയതിനാൽ ഈ കണക്കിനത്തിൽ 2010-11 വർഷം പദ്ധതിയുടെ ഒന്നാംഘട്ടമെന്ന നിലയിൽ 40 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ശബരിമലയുടെ സമഗ്രവികസനത്തിനുവേണ്ടിയുള്ള റോഡ് പണികൾക്കുവേണ്ടി പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച 4,94,23,000 രൂപയിൽ 0.68 ലക്ഷം രൂപയാണ് മൊത്തം ചെലവ്. ആയതിനാൽ അധിക തുക അനുവദിച്ചില്ല.

ശുപാർശ നമ്പർ 78

(ഖണ്ഡിക നമ്പർ 78)

പൊതു ശുപാർശ

ഏതാണ്ട് 8000 കിലോമീറ്റർ വരുന്ന മറ്റു ജില്ലാറോഡുകൾ (ഒ.ഡി.ആർ.) അടുത്തകാലത്തായി പ്രധാന ജില്ലാറോഡുകളുടെ (എം.ഡി.ആർ.) ശ്രേണിയിലേക്ക് മാറ്റുകയുണ്ടായി.വളരെയധികം ഗതാഗത പ്രധാന്യമുള്ള കുറെ റോഡുകളാണ് ഇങ്ങനെ മാറ്റിയത്. വേണ്ടത്ര സംരക്ഷണവും അറ്റകുറ്റപ്പണികളും യഥാസമയം ലഭ്യമാക്കാനാണ് അവയെ എം.ഡി.ആർ. ശ്രേണിയിലേക്ക് ഉയർത്തിയത്. ഒ.ഡി.ആർ. ശ്രേണിയിൽ നേരത്തെ ഉൾപ്പെട്ട റോഡുകൾ, എം.ഡി.ആർ. ശ്രേണിയിൽ ഉൾപ്പെടുത്തിയ റോഡുകൾ, ഒരിക്കലെങ്കിലും പൊതുമരാമത്ത് വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് പണി ചെയ്യിച്ചതുമായ പാലങ്ങൾ, റോഡുകൾ എന്നിവ എം.ഡി.ആർ. ശ്രേണിയിൽ നിലനിർത്തണമെന്നും ഇതിനാവശ്യമായ ഫണ്ട് പൊതുമരാമത്ത് വകുപ്പിന് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2010-11 വർഷം കമ്മിറ്റിയുടെ ശുപാർശ കണക്കിലാക്കിയും ഓരോ നിയോജകമണ്ഡലങ്ങളിലെ എം.എൽ.എ.മാരുടെ ആവശ്യം കണക്കാക്കിയും പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ കൂടാതെ പഞ്ചായത്ത് റോഡുകളുടെ (ഒ.ഡി.ആർ. ആന്റ് വി.ആർ.) ഒറ്റത്തവണ അറ്റകുറ്റപ്പണികൾ എന്ന പദ്ധതി നടപ്പിലാക്കി. ഇതിൻപ്രകാരം 665.52 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി.

## ധനാഭ്യർത്ഥന XLI—ഗതാഗതം

ശുപാർശ നമ്പർ 79

(ഖണ്ഡിക നമ്പർ 79)

5055-00-800-96—(പി) വേഗത നിയന്ത്രിക്കുന്നതിനുള്ള കൈ റഡാറുകളും വയർലെസ്സെറ്റുകളും ആർജ്ജിക്കുകയും റഡാർ സർവലൻസ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യൽ.

അനുദിനം വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളുടെ ഒരു പ്രധാന കാരണം അമിതവേഗതയാണെന്ന് പല പഠനങ്ങളും തെളിയിക്കുന്നു. അമിതവേഗത നിയന്ത്രിക്കുന്നതിനായി കയ്യിൽവച്ച് പ്രവർത്തിപ്പിക്കാവുന്ന റഡാറുകളും വാഹനങ്ങളിൽ ഘടിപ്പിക്കാവുന്ന റഡാറുകളും വകുപ്പ് നിലവിൽ ഉപയോഗിക്കുന്നുണ്ട്. എന്നാൽ വകുപ്പിന്റെ കൈവശമുള്ള ഉപകരണങ്ങൾ തീരെ അപര്യാപ്തമായതിനാൽ കൂടുതൽ റഡാറുകൾ വാങ്ങേണ്ടതുണ്ട്. കൂടാതെ അമിതവേഗത ഉണ്ടാകാൻ സാധ്യതയുള്ള റോഡ് ഭാഗങ്ങളിൽ റഡാറിലൂടെ നിരീക്ഷണം ഏർപ്പെടുത്തുവാനും ഈ സംവിധാനം ഫലപ്രദമാണ്. നടപ്പുസാമ്പത്തികവർഷം കൈ റഡാറുകൾ, ഇന്റർസെപ്റ്ററുകൾ, സ്പീഡ് ക്യാമറകൾ തുടങ്ങിയവ വാങ്ങുന്നതിനും റഡാർ സർവലൻസ് സംവിധാനം സ്ഥാപിക്കുന്നതിനുമായി ഒന്നിന് 25 ലക്ഷം രൂപ

നിരക്കിൽ 225 ലക്ഷം രൂപയെങ്കിലും ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത തുക ഈ കണക്കിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ നിലവിലുള്ള റഡാറുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. വിലപിടിപ്പുള്ള ഇത്തരം ഉപകരണങ്ങൾ ഉപയോഗയോഗ്യമാക്കുന്നതിനായി 30 ലക്ഷം രൂപയെങ്കിലും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2010-11 സാമ്പത്തികവർഷം ടി പരിപാടിയിൽ 150 ലക്ഷം രൂപ അനുവദിച്ച വകയിൽ 3 ഇന്റർസെപ്റ്റർ വാഹനങ്ങൾ വാങ്ങാനും റഡാർ സർവലൻസ് സംവിധാനം ഏർപ്പെടുത്തുവാനും വകുപ്പ് തീരുമാനിച്ചു. ഇന്റർസെപ്റ്ററുകൾ വാങ്ങുന്നതിനുള്ള ടെൻണ്ടർ ക്ഷണിച്ചുവെങ്കിലും സാങ്കേതിക കമ്മിറ്റി രൂപീകരിക്കുവാൻ യഥാസമയം കഴിയാത്തതിനാൽ ടി ഉപകരണങ്ങൾ വാങ്ങുകയുണ്ടായിരുന്നില്ല. റഡാർ സർവ്വലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ഭരണാനുമതിക്കുള്ള നടപടികൾ പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ ആ പദ്ധതിയും നടപ്പിലാക്കാൻ കഴിഞ്ഞില്ല. അങ്ങനെ ടി ഇനത്തിൽ അനുവദിച്ച തുക ചെലവഴിക്കാൻ കഴിയാത്തതിനാൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കുകയുണ്ടായി.

ശുപാർശ നമ്പർ 80

(ഖണ്ഡിക നമ്പർ 81)

5055-00-800-90—(പി) കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും പരിപാലനത്തിനായി വകുപ്പിലെ ജീവനക്കാരെ സജ്ജരാക്കുവാനായി ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ ടീം രൂപീകരിക്കുകയും അവർക്കാവശ്യമായ പരിശീലനം നൽകുകയും ചെയ്യേണ്ടതുണ്ട്. വകുപ്പിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ കാലാനുസൃതമായി പരിഷ്ക്കരിക്കേണ്ടതുണ്ട്. പൊതുജനങ്ങൾക്കുതകുന്ന ഇ-പേയ്മെന്റ്, ഓൺലൈൻ ആപ്ലിക്കേഷൻ, വെബ് എനേബിൾഡ് സർവ്വീസസ് തുടങ്ങിയ സേവനങ്ങൾ നൽകുന്നതിനായും നിയമങ്ങളിലും ചട്ടങ്ങളിലും വരുന്ന മാറ്റങ്ങൾ അപ്പപ്പോൾതന്നെ വരുത്തേണ്ടതിനും ഒട്ടേറെ പ്രോഗ്രാമർമാരെ ദിവസ വേതനത്തിൽ നിയമിക്കേണ്ടതായിട്ടുണ്ട്. ഈ പദ്ധതികളെല്ലാം നടപ്പിലാക്കുന്നതിന് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 1 കോടി രൂപയെങ്കിലും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആകെ 50 ലക്ഷം രൂപയാണ് ടി പദ്ധതിയിക്കായി സർക്കാർ വകയിരുത്തിയിരുന്നത്. അതിൽ നിന്നും ഏകദേശം 3.5 ലക്ഷം രൂപ കുടുംബശ്രീക്ക് ബാക്ക് ലോഗ് ഡാറ്റാ എൻട്രി ഇനത്തിൽ നൽകുകയുണ്ടായി. മിച്ചം വന്ന തുക ഇ-ഗവേണൻസിന്റെ ഭാഗമായി വകുപ്പിന്റെ ഹെഡ് ഓഫീസിൽ ഒരു സോഫ്റ്റ്‌വെയർ പരിശോധനാ കേന്ദ്രം, വകുപ്പിലെ ജീവനക്കാർക്ക് അത്യാധുനിക പരിശീലനം നൽകുന്നതിനുള്ള ഒരു കേന്ദ്രം എന്നിവ സ്ഥാപിക്കുകയുണ്ടായി.

ശുപാർശ നമ്പർ 81

(ഖണ്ഡിക നമ്പർ 82)

5055-00-800-87—(പി) വാഹന പരിശോധനാ കേന്ദ്രം സ്ഥാപിക്കൽ

എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും ഓരോ കമ്പ്യൂട്ടർവൽക്കൃത വാഹന പരിശോധന കേന്ദ്രം സ്ഥാപിക്കുന്നതിനാണ് വകുപ്പ് തീരുമാനിച്ചിരിക്കുന്നത്. അതിന്റെ ഭാഗമായി കോഴിക്കോട് ചേവായൂരിൽ വകുപ്പിന്റെ സ്വന്തം സ്ഥലത്ത് പരീക്ഷണാടിസ്ഥാനത്തിൽ ഒരു കേന്ദ്രം സ്ഥാപിക്കാനും അതിലേക്കുള്ള കെട്ടിട നിർമ്മാണത്തിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമായി 2 കോടി 25 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പ്രസ്തുത കേന്ദ്രത്തിൽ സ്ഥാപിക്കാനാവശ്യമായ ആധുനിക സാങ്കേതിക ഉപകരണങ്ങൾ വിദേശത്തുനിന്നും ഇറക്കുമതി ചെയ്യേണ്ട താണ്. ഇത്തരത്തിൽ ഒരു കേന്ദ്രം സ്ഥാപിക്കുന്നതിന് ഏകദേശം 3 കോടി 40 ലക്ഷം രൂപ ചെലവ് വരുമെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ ആധുനിക രീതിയിലുള്ള വാഹന പരിശോധന കേന്ദ്രം സ്ഥാപിക്കുവാനായി 1 കോടി 15 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

225 ലക്ഷം രൂപ ടി പദ്ധതിക്കായി സർക്കാർ അനുവദിച്ചിരുന്നു. ചേവായൂരിൽ വകുപ്പിന്റെ സ്വന്തം സ്ഥലത്ത് പരീക്ഷണാടിസ്ഥാനത്തിൽ ഒരു കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള ടെൻണ്ടർ തയ്യാറാക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ആയതിലേക്കായി താൽപ്പര്യ പ്രകടനം ക്ഷണിക്കുകയും ചെയ്തു. എന്നാൽ സാമ്പത്തിക വർഷത്തിന്റെ അവസാന നിമിഷത്തിൽ ഉദ്ദേശിച്ച രീതിയിലുള്ള ടെൻണ്ടറുകൾ ലഭിക്കാത്തതു കാരണം ടി പരിപാടി നടപ്പിലാക്കാൻ കഴിഞ്ഞില്ല.

ശുപാർശ നമ്പർ 82

(ഖണ്ഡിക നമ്പർ 83)

5055-00-800-86—(പി) മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളുടെ ആധുനികവൽക്കരണം

ചെക്ക്പോസ്റ്റുകളിൽ ഇലക്ട്രോണിക് വെയിംഗ് ബ്രിഡ്ജുകൾ സ്ഥാപിക്കുവാനും നിരീക്ഷണക്യാമറകൾ സ്ഥാപിക്കുവാനും മോട്ടോർ വാഹന ചെക്ക്പോസ്റ്റുകളുടെ ആധുനികവൽക്കരണത്തിനുമാണ് ഈ കണക്കിനത്തിൽ തുക വകയിരുത്തിയിട്ടുള്ളത്. നടപ്പു സാമ്പത്തികവർഷം ഇതിലേക്കായി അനുവദിച്ചിരിക്കുന്ന 42 ലക്ഷം രൂപ തീരെ അപര്യാപ്തമായതിനാൽ 1 കോടി 54 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി പദ്ധതിക്കായി 42 ലക്ഷം രൂപ ബഡ്ജറ്റിൽ അനുവദിച്ചതിൽ നിന്നും കാസർഗോഡ് ജില്ലയിൽ പെർളാ ചെക്ക് പോസ്റ്റിൽ ഒരു ഇലക്ട്രോണിക് വെയിംഗ് ബ്രിഡ്ജ് സ്ഥാപിക്കുന്നതിനായി ടെൻണ്ടറുകൾ ക്ഷണിക്കുകയുണ്ടായി. ആയതി

ലേക്കായി ഒരു സാങ്കേതിക കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. എന്നാൽ ലഭിച്ച ടെൻണ്ടറുകൾ എല്ലാം അപര്യാപ്തമായതിനാൽ ടി ടെൻണ്ടർ ക്യാൻസൽ ചെയ്യുക യാണുണ്ടായത്.

ശുപാർശ നമ്പർ 83

(ഖണ്ഡിക നമ്പർ 84)

5055-00-800-85—(പി) ഡ്രൈവർമാർക്കുള്ള പരീക്ഷാസ്ഥലങ്ങൾ സ്ഥാപിക്കൽ

ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിൽ ഒട്ടേറെ അപാകതകളുള്ളതായി ആക്ഷേപം നിലവിലുള്ളതിനാൽ ഏകീകൃതമായ ഒരു മൂല്യനിർണ്ണയം നടത്തുന്നതിനായി ആധുനികരീതിയിലുള്ള കമ്പ്യൂട്ടർവൽക്കൃത ടെസ്റ്റിംഗ് ട്രാക്കുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തികവർഷം കണ്ണൂരിൽ ഒരു ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്ക് സ്ഥാപിക്കുവാനുള്ള സ്ഥലമെടുപ്പ് നടപടികൾ നടന്നുവരുന്നു. ഒരു ടെസ്റ്റ് ട്രാക്ക് നിർമ്മിക്കുന്നതിന് ഒരേക്കർ സ്ഥലമെങ്കിലും ആവശ്യമാണ്. സ്ഥലത്തിന്റെ വിലയും ഉപകരണങ്ങളുടെ വിലയും ചേർത്ത് ഏകദേശം 1 കോടി രൂപയെങ്കിലും ഒരു ട്രാക്ക് സ്ഥാപിക്കുവാൻ വേണ്ടിവരുമെന്ന് സമിതി കരുതുന്നു. നടപ്പു സാമ്പത്തികവർഷം ടി പദ്ധതിക്കായി അനുവദിച്ചിരിക്കുന്ന 42 ലക്ഷം രൂപ പര്യാപ്തമല്ലാത്തതിനാൽ ചുരുങ്ങിയത് 58 ലക്ഷം രൂപ യെങ്കിലും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

42 ലക്ഷം രൂപ 2010-11 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിക്കായി അനുവദിച്ചിരുന്നു. കണ്ണൂരിൽ പരീക്ഷണാടിസ്ഥാനത്തിൽ ഒരു കമ്പ്യൂട്ടർവൽക്കൃത ഡ്രൈവർ ടെസ്റ്റിംഗ് കേന്ദ്രം സ്ഥാപിക്കാനുള്ള ടെൻണ്ടർ ക്ഷണിക്കുകയുണ്ടായി. സർക്കാർ അനുവദിച്ച തുക അപര്യാപ്തമായതിനാൽ കൂടുതൽ തുക അനുവദിക്കുന്നതിനായി സർക്കാരിലേക്ക് അപേക്ഷിച്ചിരുന്നുവെങ്കിലും സാമ്പത്തിക വർഷത്തിന്റെ അവസാനമായതിനാൽ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കാത്തതു കൊണ്ട് ടി പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല.

ശുപാർശ നമ്പർ 84

(ഖണ്ഡിക നമ്പർ 85)

വാഹനങ്ങൾക്ക് ഫാൻസി നമ്പർ ലഭിക്കുന്നതിനുവേണ്ടിയുള്ള ലേലത്തിൽ വാഹന ഉടമകളല്ലാത്തവർ പങ്കെടുത്ത് നിശ്ചിത തുകയടച്ച് ലേലം വിളിച്ചെടുത്ത് നമ്പർ ആവശ്യക്കാർക്ക് മറിച്ചുവിറ്റ് ലാഭം കൊയ്യുന്ന അനാവശ്യപ്രവണതകൾ വർദ്ധിച്ചുവരുന്നത് ഒഴിവാക്കുന്നതിന് യഥാർത്ഥ വാഹന ഉടമകൾ മാത്രമേ ഫാൻസി നമ്പർ ലേലത്തിൽ പങ്കെടുക്കാവൂ എന്ന് നിർദ്ദേശം നൽകുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഫാൻസി നമ്പർ അനുവദിക്കുന്നതിലെ അനാവശ്യപ്രവണതകൾ ഇല്ലാതാക്കുന്ന തിനായി 25-1-2011-ലെ ജി.ഒ. (പി) 3/2011/ഗതാ. വിജ്ഞാപനപ്രകാരം മോട്ടോർ

വാഹന നിയമത്തിലെ ബന്ധപ്പെട്ട ചട്ടത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഫാൻസി നമ്പർ അനുവദിക്കുന്ന നടപടി സുതാര്യമാക്കുന്നതിനായി ലേലം-കം-ടെണ്ടർ നടപടിക്രമം ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു വാഹനത്തിന് അനുവദിച്ച നമ്പർ മറ്റൊരു വാഹനത്തിന് കൈമാറാൻ പാടില്ലെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. യഥാർത്ഥ അപേക്ഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിൽ ഏജന്റുമാരും മറ്റും ഇടപെടുന്നതും, ഇതിലൂടെ ഖജനാവിന് നഷ്ടം ഉണ്ടാകുന്നത് തടയാനും ഭേദഗതി ലക്ഷ്യമിടുന്നു.

**കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ**

ശുപാർശ നമ്പർ 85, 86, 87

(ഖണ്ഡിക നമ്പർ 86, 87, 88)

3055-00-190—റോഡ് ഗതാഗതം

കാര്യക്ഷമതയുള്ളതും പ്രയോജനപ്രദവും വിശ്വാസ്യതയുള്ളതും സാമ്പത്തിക മൂല്യാധിഷ്ഠിതവുമാർന്ന റോഡ് ഗതാഗതം ലക്ഷ്യംവയ്ക്കുന്ന ഈ സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. റോഡ് ഗതാഗതത്തിന് കെ.എസ്.ആർ.ടി.സി. വാഹനങ്ങളെ ആശ്രയിക്കുന്ന സാധാരണക്കാർക്ക് കുറ്റമറ്റതും കാര്യക്ഷമവുമായ പബ്ലിക് ട്രാൻസ്പോർട്ട് സംവിധാനം എന്ന നിലയിൽ കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം മുമ്പോട്ടു കൊണ്ടുപോകണമെങ്കിൽ വരവും ചെലവും ആനുപാതികമായി പൊരുത്തപ്പെടേണ്ടിയിരിക്കുന്നു. 1-4-1984 മുതൽ സർക്കാർ തീരുമാനമനുസരിച്ചാണ് കെ.എസ്.ആർ. ടി.സി. ജീവനക്കാർക്ക് പെൻഷൻ ഏർപ്പെടുത്തിയത്. എന്നാൽ ഇതിനാവശ്യമായ പണം സർക്കാരിൽ നിന്നും ലഭിച്ചിരുന്നില്ല. തുടക്കത്തിൽ പെൻഷനും പെൻഷൻ ആനുകൂല്യവും നൽകുന്നതിനുള്ള ചെലവ് നാമമാത്രമായിരുന്നെങ്കിലും 2006-ാമാണ്ട് അത് 18 കോടിയായി ഉയർന്നു. 2010-ാമാണ്ട് ഇത് 27.84 കോടിയിൽ എത്തി. 2025-ാമാണ്ട് ആകുമ്പോഴേയ്ക്കും കോർപ്പറേഷന്റെ നിലനില്പിനെ ബാധിക്കുന്ന തരത്തിൽ ഇത് പ്രതിമാസം 75 കോടിയിലേക്ക് ഉയരും. കെ.എസ്.ആർ.ടി.സി.യുടെ പെൻഷൻ ബാധ്യത സർക്കാർ ഏറ്റെടുക്കുകയോ പെൻഷന് തുല്യമായ തുക ഗ്രാന്റായി സർക്കാർ നൽകുകയോ ചെയ്യണമെന്നുള്ള സബ്ജക്ട് കമ്മിറ്റിയുടെ മുൻ ശുപാർശ ഇതുവരേയും നടപ്പാക്കിയിട്ടില്ല. സബ്ജക്ട് കമ്മിറ്റിയുടെ പ്രസ്തുത ശുപാർശ ഗൗരവമായി പരിഗണിക്കണമെന്നും തല്ക്കാലം പെൻഷൻ നൽകുന്നതിന്റെ ഒരു ഭാഗമെങ്കിലും സർക്കാർ ഗ്രാന്റായി ഈ കണക്കിനത്തിൽ അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

5055-00-190-99—പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള മുതൽ മുടക്ക്

ട്രാൻസ്പോർട്ട് കോർപ്പറേഷന് ആവശ്യമായ മൂലധനം കേന്ദ്ര/സംസ്ഥാന സർക്കാരുകൾ നൽകണമെന്ന് 1950-ലെ ആർ.ടി.സി. ആക്ട് അനുശാസിക്കുന്നു. 1990-91-നുശേഷം കേന്ദ്രസർക്കാർ മൂലധനനിക്ഷേപം നടത്തിയിട്ടില്ല. സംസ്ഥാന സർക്കാരിൽനിന്നും അനുവദിക്കാതിരിക്കുകയോ നാമമാത്രമായ തുകയോ ആണ്

അനുവദിച്ചിട്ടുള്ളത്. 2010-11 വർഷം കെ.എസ്.ആർ.ടി.സി. 90 കോടി 24 ലക്ഷം രൂപ ആവശ്യപ്പെട്ടെങ്കിലും സ്ത്രീ ശാക്തീകരണത്തിനായുള്ള 8 കോടി രൂപ ഉൾപ്പെടെ 42 കോടി രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. ബസ്സുകൾ വാങ്ങുന്നതിനായി സർക്കാരിന്റെ ഭാഗത്തുനിന്നും സഹായമില്ലാത്തതിനാൽ പലിശയും ഗ്യാരണ്ടി കമ്മീഷനും നൽകേണ്ട ബാധ്യത കെ.എസ്.ആർ.ടി.സിക്ക് വരുന്നു. ആയതിനാൽ പ്ലാൻ ഹെഡിൽ 1000 പുതിയ ബസ്സുകൾ വാങ്ങുന്നതിനായി 150 കോടി രൂപയും അടിസ്ഥാന സൗകര്യ വികസനത്തിനായി 90 കോടി രൂപയും എന്ന കണക്കിൽ മൊത്തമായി 240 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

7055-00-190-99—റോഡ് ഗതാഗതത്തിനുള്ള വായ്പകൾ

ഡീസൽ വില വർദ്ധനവ്, ഡി.എ. വർദ്ധനവ് മുതലായവമൂലം 2010-11 വർഷത്തിൽ അധിക ചെലവ് വരുമെന്നതിനാൽ പ്രവർത്തനമൂലധനമായി അനുവദിച്ച 40 കോടി രൂപ തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ഈ തുക 100 കോടി രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സിക്ക് വിവിധ ശീർഷകങ്ങളിൽ അനുവദിച്ചിട്ടുള്ള തുക താഴെപറയും വിധമാണ്.

7055-00-190-99—(നോൺ പ്ലാൻ)

റോഡ് ഗതാഗതത്തിനുള്ള വായ്പകൾ—160 കോടി

5055-00-190-99—(പ്ലാൻ)

പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള മുതൽ മുടക്ക്—42 കോടി

2010-2011 സാമ്പത്തികവർഷം 7055-00-190-99 എന്ന ശീർഷകത്തിൽ തുടക്കത്തിൽ അനുവദിച്ച 40 കോടി രൂപയ്ക്കുപുറമേ 120 കോടി രൂപ അധികമായി വകയിരുത്തി കോർപ്പറേഷന് അനുവദിച്ച് നൽകിയിട്ടുണ്ട്.

കെ.റ്റി.ഡി.എഫ്.സി.യിൽ നിന്ന് വായ്പയായി 404.57 കോടി രൂപ എടുക്കുന്നതിന് സർക്കാർ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

2011-2012 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സിക്ക് 7055-00-190-99 (NP) എന്ന ശീർഷകത്തിൽ 140 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 110 കോടി രൂപ നാളിതുവരെ അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ പ്ലാൻ ഹെഡ്ഡിൽ 42 കോടി രൂപയും ഈ സാമ്പത്തിക വർഷത്തിൽ കോർപ്പറേഷന് വകയിരുത്തിയിട്ടുണ്ട്.

കൂടാതെ, 32 കോടി രൂപ ഗ്രാന്റായി കോർപ്പറേഷന് അനുവദിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 88

(ഖണ്ഡിക നമ്പർ 89)

3075-60-001-98—ഭരണവും നടത്തിപ്പും മേൽനോട്ടം

കൊല്ലത്തുള്ള ഇൻലാൻഡ് നാവിഗേഷൻ ഡയറക്ടറുടെ ഓഫീസിലെ ജീവനക്കാരുടെ ശമ്പളം, വേതനം, ഓഫീസ് ചെലവുകൾ തുടങ്ങിയവ ഈ കണക്കിനത്തിൽ നിന്നും നൽകുന്നു. 2010-11 സാമ്പത്തികവർഷം മോട്ടോർ വാഹനങ്ങൾ, മറ്റു ചെലവുകൾ, പി.ഒ.എൽ. എന്നീ ഉപ കണക്കിനങ്ങളിലായി അനുവദിച്ചിട്ടുള്ള 82,000 രൂപ പര്യാപ്തമല്ലാത്തതിനാൽ 59,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കൊല്ലത്തുള്ള ഇൻലാൻഡ് നാവിഗേഷൻ ഡയറക്ടറുടെ ഓഫീസിലെ ജീവനക്കാരുടെ ശമ്പളം, വേതനം, ഓഫീസ് ചെലവുകൾ എന്നിവയ്ക്ക് പുറമേ 34-മറ്റ് ചെലവുകൾ എന്ന ശീർഷകത്തിൽ 20,000 രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്നു. ഈ തുകയ്ക്കുപുറമേ അധികമായി ആവശ്യമുണ്ടായിരുന്ന രൂപ 50,000 ഉപധനാഭ്യർത്ഥനകളിലൂടെ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും അനുവദിക്കുകയുണ്ടായില്ല.

## ധനാഭ്യർത്ഥന—XL—തുറമുഖങ്ങൾ

ശുപാർശ നമ്പർ 21

(ഖണ്ഡിക നമ്പർ 21)

5051-80-800-85—തുറമുഖങ്ങളുടെ വികസനം

ഓഫീസ് കെട്ടിടങ്ങൾ, ലൈറ്റ് ഹൗസുകൾ മുതലായവയുടെ നവീകരണം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കടൽത്തീരത്തിന്റെ സുരക്ഷയ്ക്കായി വാഹനം വാങ്ങൽ എന്നിവയ്ക്കായി 800 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 100 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഈ തുക തികച്ചും അപര്യാപ്തമായതിനാൽ ബാക്കി തുകയായ 700 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ വിഭാവനം ചെയ്തിരുന്ന പദ്ധതികൾ വിവിധ കാരണങ്ങളാൽ നടപ്പിലാക്കാനായിട്ടില്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 2010-11 സാമ്പത്തികവർഷം അധികം തുക ആവശ്യമായി വന്നില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

ശുപാർശ നമ്പർ 22

(ഖണ്ഡിക നമ്പർ 22)

5051-80-800-73—വിഴിഞ്ഞം ആഴക്കടൽ വികസനം അന്താരാഷ്ട്ര കപ്പൽ ഗതാഗത ടെർമിനൽ

രാജ്യത്തിന്റെയും സംസ്ഥാനങ്ങളുടേയും വർദ്ധിച്ചുവരുന്ന കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റിന്റെ ആവശ്യം മുന്നിൽക്കണ്ട് വിഴിഞ്ഞത്ത് ഒരു ആഴക്കടൽ തുറമുഖം തുടങ്ങാൻ സർക്കാർ നടപടി സ്വീകരിച്ചിരിക്കുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മറ്റും ഒരുക്കുന്നതിനായി കേരള സർക്കാരിന്റെ ഉടമസ്ഥതയിൽ വിഴിഞ്ഞം അന്തർദേശീയ സീപോർട്ട് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിക്കുകയും ആയതിന്റെ നടത്തിപ്പ് ത്വരിതപ്പെടുത്തുന്നതിനായി 60,000 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 12,500 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഇത് തീരെ അപര്യാപ്തമായതിനാൽ ബാക്കി തുകയായ 47,500 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 2010-11 സാമ്പത്തിക വർഷത്തിൽ 15,25,68,000 രൂപ ധന പുനർവിനിയോഗംവഴി അധിക ഫണ്ട് അനുവദിച്ചിട്ടുണ്ട്. ബാക്കി തുക ആവശ്യമായി വന്നില്ല.

ശുപാർശ നമ്പർ 23

(ഖണ്ഡിക നമ്പർ 23)

5051-80-800-67—വിഴിഞ്ഞം കാർഗോ തുറമുഖം

റെയിൽമൗണ്ട് ക്രെയിൻ, പൈലറ്റ് ലോഞ്ച് മുതലായവ വാങ്ങി കപ്പൽ തുറ മോടി പിടിപ്പിക്കുന്നതിനായി 1,000 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 325 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഇത് പ്രസ്തുത ആവശ്യത്തിന് മതിയാവുകയില്ല. ആയതിനാൽ ബാക്കി തുകയായ 675 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 2010-11 സാമ്പത്തികവർഷം അധിക തുക ആവശ്യമായി വന്നില്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

ശുപാർശ നമ്പർ 24

(ഖണ്ഡിക നമ്പർ 24)

5051-80-800-66—തങ്കശ്ശേരി കാർഗോ തുറമുഖം

12 റ്റി വിവിധോദ്ദേശ്യ ക്രെയിനുകൾ വാങ്ങൽ, വേബ്രിഡ്ജ് യാർഡിന്റെ വികസനം, ജല ശുചീകരണം, പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കൽ, ഭൂമി

സ്വായത്തമാക്കൽ മുതലായ അടിസ്ഥാന സൗകര്യങ്ങൾക്കായി 4,575 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 700 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഈ തുക തികച്ചും അപര്യാപ്തമായതിനാൽ ബാക്കി തുകയായ 3,875 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 2010-11 സാമ്പത്തികവർഷം അധിക തുക ആവശ്യമായി വന്നില്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

ശുപാർശ നമ്പർ 25

(ഖണ്ഡിക നമ്പർ 25)

5051-80-800-62—തീരദേശ കപ്പൽ ഗതാഗത വികസനം

കടൽത്തീര കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായി ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി 500 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 200 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഈ തുക തുലോം കുറവാണ്. ആയതിനാൽ ബാക്കി തുകയായ 300 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 2010-11 സാമ്പത്തികവർഷം അധിക തുക ആവശ്യമായി വന്നില്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

ശുപാർശ നമ്പർ 26

(ഖണ്ഡിക നമ്പർ 26)

5051-80-800-91—ഇലക്ട്രോണിക് ഉപകരണങ്ങൾ, സർവ്വേ ഉപകരണങ്ങൾ ഇവ വാങ്ങുന്നതിന്

ഹൈഡ്രോഗ്രാഫിക് സർവ്വേയ്ക്കാവശ്യമായ ഇലക്ട്രോണിക് ഉപകരണങ്ങളും സർവ്വേ ഉപകരണങ്ങളും വാങ്ങുന്നതിനുവേണ്ടി 50 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 35 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ഈ തുക അപര്യാപ്തമായതിനാൽ ബാക്കി തുകയായ 15 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷത്തിൽ അധിക തുക ആവശ്യമായി വന്നില്ല. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിനുപുറമേ അധിക തുകയൊന്നും 2010-11-ൽ അനുവദിച്ചില്ല.

ശുപാർശ നമ്പർ 27

(ഖണ്ഡിക നമ്പർ 27)

5051-80-800-86—പഴയനിരീക്ഷണ കപ്പലുകൾക്ക് പകരം പുതിയവ വാങ്ങുന്നതിന്

ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗത്തിന്റെകീഴിലുള്ള പഴയ നിരീക്ഷണ കപ്പലുകൾക്ക്പകരം പുതിയവ വാങ്ങുന്നതിനും നിലവിലുള്ള നിരീക്ഷണ കപ്പലുകളുടെ ആധുനികവത്ക്കരണത്തിനുംവേണ്ടി 75 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 30 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ഇത് തികച്ചും അപര്യാപ്തമായതിനാൽ ബാക്കി തുകയായ 45 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷത്തിൽ അധിക തുക ആവശ്യമായി വന്നില്ല. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിനു പുറമേ അധിക തുകയൊന്നും 2010-11-ൽ അനുവദിച്ചില്ല.

ശുപാർശ നമ്പർ 28

(ഖണ്ഡിക നമ്പർ 28)

5051-80-800-75—നിരീക്ഷണ കപ്പലുകളുടെ നവീകരണം

ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗത്തിന്റെകീഴിലുള്ള നിരീക്ഷണ കപ്പലുകളുടെ നവീകരണത്തിനുവേണ്ടി 30 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 20 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ഇത് പ്രസ്തുത ആവശ്യത്തിന് മതിയാകുകയില്ല. ആയതിനാൽ ബാക്കി തുകയായ 10 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷത്തിൽ അധിക തുക ആവശ്യമായി വന്നില്ല. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിനുപുറമേ അധിക തുകയൊന്നും 2010-11-ൽ അനുവദിച്ചില്ല.

ശുപാർശ നമ്പർ 29

(ഖണ്ഡിക നമ്പർ 29)

5051-80-200-94—അഴീക്കൽ തുറമുഖം

അഴീക്കൽ തുറമുഖത്തിന്റെ വികസനത്തിനാവശ്യമായ കാർഗോ ബർത്തിന്റെ നിർമ്മാണത്തിനും മറ്റു പ്രവർത്തനങ്ങൾക്കുമായി 1,040 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 540 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ഈ തുക തികച്ചും അപര്യാപ്തമായതിനാൽ 500 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 2010-11 സാമ്പത്തിക വർഷം അധിക തുക ആവശ്യമായി വന്നില്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

ശുപാർശ നമ്പർ 30

(ഖണ്ഡിക നമ്പർ 30)

5051-80-800-84—വിഴിഞ്ഞം കാർഗോ തുറമുഖം

വിഴിഞ്ഞം തുറമുഖത്തിന്റെ വികസനത്തിനായി 175 ലക്ഷം രൂപ ആവശ്യപ്പെടുകയും ആയത് അനുവദിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ കാർഗോ ബർത്തിന്റെ നീളം നിലവിലുള്ള 87 മീറ്ററിൽനിന്ന് 150 മീറ്ററായി വർദ്ധിപ്പിച്ച് വലിയ കപ്പലുകൾക്ക് എത്തിച്ചേരാനുള്ള സൗകര്യമൊരുക്കുന്നതിന് 800 ലക്ഷം രൂപകൂടി ആവശ്യമാണ്. ആയതിനാൽ കാർഗോ ബർത്തിന്റെ നീളം വർദ്ധിപ്പിക്കുന്നതിന് 400 ലക്ഷം രൂപകൂടി ഈ സാമ്പത്തിക വർഷം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 2010-11 സാമ്പത്തികവർഷം അധിക തുക ആവശ്യമായി വന്നില്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

വി. കെ. ഇബ്രാഹിം കുഞ്ഞ്,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി V*

തിരുവനന്തപുരം,
19-3-2012.